| 6-5-87 | 23th ,, | ,, | 2 ,, 25 ,, | the face became |
| 7-5-87 | 24th ,, | ,, | 2 ,, 30 ,, | natural. |
| 8-5-87 | 25th ,, | ,, | 2 ,, 30 ,, | |
| 9-5-87 | 26th ,, | ,, | 2 ,, 30 ,, | |
| 10-5-87 | 27th ,, | Recess | | |
| 11-5-87 | 28th ,, | ,, | 2 hr. 30 mn. | Face became |
| 12-5-87 | 29th ,, | ,, | ,, | natural, skin |
| 13-5-87 | 30th ,, | ,, | ,, | became sensitve. |
| 14-5-37 | 31th ,, | ,, | ,, | Tears stopped |
| 15-5-87 | 32th ,, | ,, | ,, | |
| 16-5-87 | 33th ,, | ,, | ,, | |
| 17-5-87 | 34th ,, | Recess | | |
| 18-5-87 | 35th ,, | Dhanwantara taila | ,, | |
| 19-5-87 | 36th ,, | ,, | ,, | |
| 20-5-87 | 37th ,, | ,, | ,, | Fully cured. |
| 21-5-87 | 38th ,, | ,, | ,, | |
| 22-5-87 | 39th ,, | ,, | ,, | |
| 23-5-87 | 40th ,, | ,, | ,, | |
| 24-5-87 | 41th ,, | Discharged. | | |

*Aryavaidyan, Vol. 1, No. 2, November 1987 (120 - 123)* **A REPORT**

# MEDICINA ALTERNATIVA-25th ANNIVERSARY

The 25th anniversary of the International Organisation Medicina Alternativa (Headquarters-Colombo), the 12th world World Congress on Humanity and the 6th European Symposium of Complementary Medicines were celebrated together on the 28th, 29th and 30th August, 1987 at the S. A. S. Royal Hotel at Copenhagen, Denmark. There were more than 200 participants representing 28 countries of the world. All European and American nations including socialist countries like Poland were well represented. A few from Africa (Nigeria) and a considerable group from Asian countries were also there. Among the Asians, there were more then 30 from India and 65 from Republic of China (Taiwan). The others came from the Peoples Republic of China, Pakistan, Bangladesh, Sri Lanka, Turkey, Japan, corea etc. There was of course, a considerable team from Denmark, the host country.

The delegates who came from different parts of the world to attend the celebrations were a representative gathering of eminent persons who had contributed in their own way in some measure to the health and happiness of mankind all over the world. For instance, the delegates from India included not only the practitioners of all the various medical and medicare systems followed in our country, but also social workers who had devoted themselves to the service of humanity in one way or the other. The Indigenous system was represented by practitioners of Ayurveda, Siddha, Unani, Naturopathy, Homeopathy, Herbal medicine and Yoga while from among those of modern medicine, there were also doctors who had contributed new techniques of therapy sueh as Magneto Biology and Electro-Magneto Therapy and scientific workers who had contributed to medicine by their researches. The pattern of delegates from other countries also was the same.

On the 28th, at the opening ceremony messages from the Sri Lankan Prime Minister and the Minister of Health of Sri Lanka, from the Regional Officer, Maternal and Child Health, World Heath Organisation, Officer-in-charge of the Division of Life Science, International Atomic Energy Agency, S. Yasuda, Japan, the Founder-President and others were read out. The ceremony opened with Sri Lanka's National Anthem and closed with the Danish National Anthem. After the welcome addresses by the distinguished guests, there was also a ballet on global harmony.

After the opening ceremony, Prof. (Dr) Sir. Anton Jayasoorya (Acupuncturist & Homeopath), Chairman of the Inter-



As invited by the sponsors of the Congress, Dr. P. K. Warrier and Dr. N. V. K. Varier participated in the congress as delegates of Kottakkal Arya Vaidya Sala. The congress honoured Aryavaidyan Sri P. K. Warrier, Managing Trustee, Arya Vaidya Sala, Kottakkal by conferring on him the Honorary Degree of DOCTOR OF MEDICINE, MEDICINA ALTERNATIVA (M.D.M.A.) in recognition of his invaluable services in the cause of Ayurveda.

national Congress Panel, traced the history of the founding of Medicina Alternativa and the progress it has made since its birth. It was in 1962 at Colombo, that the organisation was founded owing to the vision and efforts of a group of concerned medical scientists with the declared objective of finding a viable alternative to Western (Allopathic) Medicine which would provide health care to the vast majority of suffering humanity--especially the poverty stricken people of the third world. In that congress, Jayasoorya had taken an active part along with the Founder-President Dr. S. Yasuda in the formation of the Association.

Since the Alternative Medicina Movement has been able to gain within this last quarter century such a wide recognition and also positive response from the different systems of medicine in the world there has opened up before it an unlimited area of co-operation and interaction among the various systems for further advancement to the declared goal of W. H. O, viz "Health for all by 2000 A. D."

After the inaugural session, parallel sessions went on in four separate halls. Each session had a presidential panel, rapporteur, communicators and recorders, each team representing eminent personalities from various countries. In these sessions speakers from different fields presented various topics for discussion with explantions and demonstrations with the help of charts and slides-Magnetic therapy, Electro-magneto therapy, Hydro-therapy, Biochemical medicine, Herbal medicines, Yoga, Ayurveda. Naturopathy, Siddha, Gem-therapy, Ying-Yang therapy, Hypnotherapy, Meditation, Api-therapy, Hellenistic Hippocratic medicine, Pyramid therapy etc.

Alternative medicine, though termed so, in fact, represents all medical systems. Almost all doctors from western countries and many from the developing countires who work for devising and discovering alternative techinques were medical men and scientists with basic education in modern science. Some remarked that the term "Alternative" was out-dated, since the movement stood for the integration of all systems through co-operation so that the new integrated system can tackle all kinds of health problems. Some speeches totally attacking the modern system were disowned by the presidium. Discussions and presentations on various techniques including traditional methods and medicines were indicative of the improvement that has already been effected and the promising scope for further advancements in them with the help of modern progressive scientific knowledge, and novel techniques. The prospect for fruitful work by combining different techniques as acupuncture with Siddha, Ayurveda etc. was also impressively presented. Speakers at the same time stressed that great attention should be given to precision—to an exact understanding of the meaning and mode of techniques, especially when dealing with traditional systems. A leading role was taken by the Chinese team in this. They explained how laser rays can be applied to acupuncture points and the various other techniques developed by them such as acupressure, homeopuncture etc. Their demonstration showing how precision

is necessary in spotting and manipulating the points of acupuncture to give the promised results was highly impressive. They openly declared their confidence in curing AIDS by acupuncture and medicine together. It must be admitted that the impressive display put up by them stole the show.

Eminent persons in their respective fields were selected by the Association and at its own discretion honoured with Knighthood, diplomas and certificates. The conferring of these honours, which was an attractivefeature of the conference, may have been intended not only as an encouragement and recognition given to the various systems, institutions and personalities working whether in the field of healing science or social welfare, but also as a friendly gesture to embrace all of them into a common family. For a movement dedicated to a holistic approch—this was a step in the right direction. There was a congress of all the delegates before the main conference in which various techniques were demonstrated. The conference ended with a get-together on the 30th evening. There was also a cultural show on all the three evenings. Although the congress officially concluded on 30th of August, there were practical demonstrations of healing techniques even after the congress.

When centuries ago, Caraka spoke of different systems of medicine in vogue then "विविधानि हि शास्त्राणि भिषजां प्रचरन्ति लोके" what he would have actually meant was not just to record a situation. It was from these different systems that a new system with an advanced view, better suited to cope up with the demands of the time was synthesised. It was the outcome of a cultural renaissance. A similar cultural upsurge is what the time demands now. Alternative Medicine movement may lead to a new integraion of systems for a better science and a healthier and happier world in the near future. The enthusiasm for a new orientation generated at the conference points in that direction. ●

*Aryavaidyan, Vol. 1, No. 2, November 1987 (124 - 125)*

# MESSAGE FROM Dr. S. YASUDA

## Founder-President of Medicina Alternativa on the Twenty-fifth Anniversary Celebration of Medicina Alternativa

Twenty-five long years ago because of the vision of a group of medical scientists, Medicina Alternativa was gestated. At that time there was controversy as to whether the existing status-quo of Western (Allopathic) Medicine should be disturbed. With the advent of Medicina Alternativa the autonomy so evident in social movements was hitting the old assumptions of Medicine hard. However, visionaries like Anton Jayasuriya and his colleagues who brought Medicina Alternativa into the fore-front felt that the primary goal of a clinician is not only to prolong life but, more so, to improve the quality of life. It was on this principle that the founding scientists and clinicians of Medicina Alternativa built the credibility of this higly respected international institution—Medicina Alternativa.

Today, the service of medical science and technology has extended the limits of perception; with electron microscopes, scanners and other gadgetry to enable us to understand more minutely and more extensively the human tissues and cells. In doing so, it has also created conflicts between perception and reality. Often, studies are done under much carefully controlled conditions that all they provide is statistical aberrations that conflict with clinical practice. The ideals of Medicina Alternativa stem from the fact that it takes a realistic approach to human health and illness by recognizing that the quality of life should not be based on how long a person, lives, but on how well they live. The holistic approch, particularly in the indigent third world, the alternative approaches have a definite cost-benefit advantage.

In recognizing the potential and the extreme affectiveness of alternative therapeutic processes the Institution of Medicina Alternativa has provided an intrenational forum for clinicians and scientists to discuss the merits and worthiness of introducing many traditional forms of clinical and therapeutic applications for the benefit of human existence. Recent advances in many therapeutic modalities and the introduction of an extremely effective form of therapy in the nature of Homeopuncture, conceived by the eminent clinician Professor Anton Jayasuriya, is changing

drastically the conventional therapeutic modes in many common illnesses. When the history of medicine takes its rightful place in the annals of human history in the 21st century, Homeopuncture will undoubtedly be acclaimed the most potent contribution of 20th century medicine. All medicines have been made by man. Man himself is imperfect. Therefore, all medicines are imperfect. This is why the integration of medicines in this manner is important.

Finally, may I say that Medicina Alternativa is a positive conspiracy of concerned and humane individuals to create for our universe a brain and a heart and give meaning to the superhuman struggle to maintain health and overcome disease.

I am getting on in years and have passed four score and ten years, and, therefore, am not viable to make the pilgrimage to Copenhagen to honour the pioneers. I wish you all a very successful Congress. I shall study carefully the reports of your deliberations. May Medicina Alternativa live a thousand years and more.

Osaka
Japan
August 1987.

S. Yasuda
Founder Fresident.

Aryavaidyan, Vol. 1, No. 2, November 1987 (126 - 128)

# AVS FOUNDER'S DAY CELEBRATIONS

Kottakkal Arya Vaidya Sala is celebrating its Founder's Day on 30th January, 1988 and along with it, the Ayurveda Seminar also, which we have been conducting since 1954. From 1965 onwards, an all India Thesis Competition on some relevant subjects was also planned to be included. Candidates from all over India participate in these competitions and present their essays in English, Sanskrit, or Malayam. The topic for the forthcoming Seminar is "Psoriasis" and the subject as announced earlier for the current year's Thesis Competition is "Ghridrasi" (Sciatica and associated conditions).

The Founder's Day, is being celebrated not only to pay homage to the memory of the great soul who pioneered the resuscitati on of Ayurveda in this pat of the country, but also to carry forward and expand the programs of work chalked out by the Founder himself for encouraging the study, understanding, practice and propagation of Ayurveda. The seminars and thesis competitions have evidently been extremely useful and has gone a long way in widening and fulfilling to some extent the aim of our revered preceptor.

The proceedings of the seminars inclusive of the speeches delivered and the full texts of the theses that have won the prizes in the competitions are published in book form and distributed freely to the attendants of the next seminar. As the demand for our seminar reports increased each year, we were forced to restrict their free distribution except to those who attend our annual celebrations in person. Altogether we have been able to hold 23 seminars and 19 thesis competitions till now. Looking back we can say with some satisfaction that we were fortunate to get eminent personalities from various fields to bless our celebrations by their participation and addresses.

For the information of our readers we give below a table of the years, the subjects for thesis and the subjects for discussion in the seminars and the names of some important persons who participated in our celebrations and delivered key-note addresses on the Founder's Day meetings and of those who presided over the seminars.

**Eminent Personalities who participated**

Dr. K. N. Pisharody
Sri K. P. Kesava Menon
Sri E. Ekkanda Varier
Kozhippurath Madhava Menon

Sri P. P. Ummer Koya
Vaidya vachaspathy P. S. Rama Sharma
Ashtavaidyan E. T. Neelakantan Moose
Vaidya Madham Valiya Narayanan Nambudiri
Kumarakam Parameswaran Pillai
Dr. N. V. Krishna Varier
Dr. M. N. Kesava Pillai
Sri K. V. Surya Narayana Iyer
Sri Kuttykrishna Marar
Sri M. K. Vellodi
Ashtavaidyan Brahmasree P. T. Narayanan Moose
Sri Konniyur K. N. Kesava Pillai
Sri Vayaskara N. S. Moose
Dr. V. Narayana Swami
Sri P. T. Bhaskara Panicker
Sri A. N. Tampi
Sri Moorkoth Kunjappa
Sri E. M. S. Namboodiripad
Sri V. M. Nair
Dr. C. B. C. Warrier
Arya Vaidyan P. V. Rama Varier (Coimbatore)
Sri K. M. Cheriyan
Sri V. Unnikrishnan Nair
Joseph Mundassery
Sri S. Guptan Nair
Vaidyaratnam Pandit Siva Sharma
Dr. V. B. Nataraja Sastry
Dr. C. K. Ramachandran
Ashtavaidyan Brahmasree P. S. Sankaran Moose
Sri K. Kelappan
Dr. K. Rajagopalan
Trikkovil Achutha Varier
Capt. Lakshmi N. Menon
Sri K. P. Narayana Pisharody
Ashtavaidyan Brahmasree Kuttencheri Apphan Moose
Sri K. K. Varier
Sri P. C. Kuttikrishnan
Sri P. Narayanan Nair
Sri O. M. C. Nambudiripad
Sri S. R. Iyer
Vaidyabhooshanam Sri K. Raghavan Thirumulpad
Karimpuzha Ramakrishnan
Dr. K. Bhaskaran Nair
Dr. C. Dwaraka Nath
Sri Sukumar Azheekode
Sri Kainikkara Kumara Pillai
Sri C. R. Kesavan Vaidyar
Sri M. P. Manmathan
Prof. M. Leelavathy
Sri G. Sankara Kurup
Sri S. K. Pottekkad
Dr. C. K. Revamma
Sri P. Kunhiraman Nair
Sri K. P. S. Menon
Sri V. M. Kuttikrishna Menon
Dr. Y. Kondel Rao
Sri N. N. Sarkar
Swami Vipapmanandaji
Prof. K. M. Tharakan
Sri K. Kunhiraman Vaidyar
Sri V. Balakrishna Eradi
Justice (Retd.) T. Chandrasekhara Menon
Dr. P. J. Deshpandae
Swami Jnananda Saraswathy
Dr. P. K. Narayana Pillai
Dr. K. N. Udupa
Dr. D. G. Thatta
Sri M. K. Kesavan
Dr. S. N. Tripathi
His. Excellency Sri P. Ramachandran
Dr. Chandrasekhar Ganesh Joshi
Dr. S. R. Joshi
Swami Siddinathananda
Sri V. S. Sharma.

| Year | Subjects for Seminar | Subjects for Thesis |
|---|---|---|
| 1964 | Two days' Seminar—Delegates were organised into groups and had discussion on Education, Medicines, Treatments and Research. | — |
| 1965 | Prameham (Diabetics) | Rajayakshmav (Tuberculosis) |
| 1966 | Vata rogam (Vata diseases) | Panchakarmas |
| 1967 | Grahani (Dyspepsia and connected ailments) | Manasika Rogangal (Mental diseases) |
| 1968 | Maha rogas | Kustha and its treatment (Skin disease including Leprosy and its treatment) |
| 1969 | Parinamasoola (Peptic Ulcer) | Udara and its treatments (Ascities and its treatment) |
| 1970 | Sopha and its treatment (Inflammation, swelling, anasarca) | Asmari (Calculus) |
| 1971 | Rakta sammarda and its treatment | Hridroga (Heart diseases) |
| 1972 | Arbuda (Cancer) and its treatment | Rakta Sammarda (Hypertension) and its treatment |
| 1973 | Panduroga (Anaemia) and its treatment | Rakta vata and its treatment (Rheumatoid arthritis and its treatment) |
| 1974 | Tamakaswasam (Asthma) | Rasayana vajeekarana cikitsakal (Rejuvenation and virilification treatments) |
| 1975 | Arsas (Piles) | Apasmara (Epilepsy and its treatment) |
| 1976 | Tridosha theory | Dibetics and its treatment |
| 1977 | Agada tantram (Toxicology) | Tridosha theory |
| 1978 | Kaumarabhrithyam (Pediatrics) | Salya tantram (Surgery) |
| 1979 | Sasyaowshadha Parichayam (Study of Herbal medicines | — |
| 1980 | Sleepadam (Filaria and Elephantiasis) | — |
| 1982 | Prakriti-Yoga Cikitsakal (Naturopathy and Yoga) | — |
| 1983 | Marma cikitsa (Treatment for the diseases of Marmas vulnerable points) | Netra roga and cikitsa (Treatment of eye diseases |
| 1984 | Ahara vidhikal (Dietitics in regimen in health and diseases) | Swastha, Vrittam (Regimen for the healthy life) |
| 1985 | Rogavijnavum cikitsayum (Diagnosis and treatment) | Madakadravyas (Narcotics) |
| 1986 | Bheshajakalpa (Pharmacopoeia research and snggestions) | Lainkiga vijnanum in Ayurveda (Studies on sex in Ayurveda) |
| 1987 | Allergy | Pravahika (Amoebiasis) |

●

*Aryavaidyan, Vol. 1, No. 2, November 1987 (129-132)*

# ചില സാര സിദ്ധാന്തങ്ങൾ

## വൈദ്യരത്നം പി. എസ്. വാരിയർ

[ഇക്കാലത്തും പ്രസക്തമായ ഒരു പ്രധാന വശത്തിലേക്ക് വെളിച്ചം വീശുന്ന ഈ ലേഖനം 1920 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച ധന്വന്തരി മാസികയിൽ വൈദ്യരത്നം ശ്രീ പി. എസ്. വാരിയർ എഴുതിയതാണ്.]

ആയുർവ്വേദ ചികിത്സയാണ് കേമം എന്നു നടിച്ച് ഈ കാലത്തെ ചില നാട്ടുവൈദ്യന്മാരും, ഇംഗ്ലീഷ് വൈദ്യമേ വൈദ്യമുള്ളു, മറ്റൊന്നും ശാസ്ത്രീയമല്ല എന്നു ഭാവിച്ചു പാശ്ചാത്യവൈദ്യന്മാരും അന്യോന്യം കുറ്റം പറഞ്ഞതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. രണ്ടിനും അതാതിന്റെ യോഗ്യതയുണ്ട്. രണ്ടിനും ഇപ്പോഴത്തെ നിലയിൽ പല ന്യൂനതകളും ഉണ്ട്. എന്നാൽ അറിവും ആലോചനയും ഉള്ള വൈദ്യന്മാർ കുറേക്കാലം യത്നിച്ചാൽ ആയുർവ്വേദത്തിൽ ഇപ്പോൾ ഉണ്ടെന്നു വിചാരിക്കുന്ന മിക്ക ന്യൂനതകളേയും പരിഹരിപ്പാൻ കഴിയും. അധികവും തെറ്റിദ്ധാരണകളാണിപ്പോൾ ഉള്ളത്.

''ഏകം ഭഗാസ്ഥി പുംസാം മേഢ്രാസ്ഥി'' എന്നു ചരകത്തിൽ കണ്ടിട്ടുള്ള ഇംഗ്ലീഷു വൈദ്യൻ ''നിങ്ങളുടെ ശാസ്ത്രപ്രകാരം മേഢ്രത്തിന്മേൽ എല്ലുണ്ടല്ലോ; കാണിച്ചുതരിൻ'' എന്നു നാട്ടുവൈദ്യനോടു ചോദിക്കും. എന്നാൽ അറിവുള്ള നാട്ടുവൈദ്യൻ ''നിങ്ങളുടെ ശാസ്ത്രപ്രകാരം നാവിന്മേൽ എല്ലുണ്ടല്ലോ; അതു കാണിക്കുമ്പോൾ ഞങ്ങളും കാണിക്കാം'' എന്നു മറുപടിപറയാം. അങ്ങിനെ ചോദിക്കുമ്പോൾ ''ഞങ്ങൾ ലിംഗ്വൽ ബോൺ (Lingual Bone) എന്നു പറയുന്ന അസ്ഥി നാവിന്മേലല്ല ഇരിക്കുന്നത്, നാവിന്റെ കടയെ ബന്ധിക്കുന്നതിനുപയോഗപ്പെടുന്നതുകൊണ്ട് ഈ പേർ അതിന്നു പറയുന്നതാണ്'' എന്ന് ഇംഗ്ലീഷുവൈദ്യൻ ഉത്തരം പറയും. എന്നാൽ മേഢ്രാസ്ഥിക്കും ഈ ന്യായം യോജിപ്പിച്ചുകൂടെ? എന്നു ചോദിച്ചാൽ ഇംഗ്ലീഷുവൈദ്യനു കാര്യം മനസ്സിലാകും. പക്ഷെ യഥാർത്ഥത്തിൽ മേഢ്രത്തിന്മേൽ അസ്ഥിയില്ലെന്നും ഇത് അതിന്റെ മൂലത്തെ ബന്ധിച്ചിരിക്കുന്ന പ്യൂബിക്ക് ബോൺ (Pubic Bone)നെ സംബന്ധിച്ചാണ് പറയുന്നത് എന്നും ധരിച്ചിട്ടുള്ള നാട്ടുവൈദ്യന്മാരുണ്ടോ എന്നുള്ള കാര്യം സംശയഗ്രസ്തമായിട്ടാണിരിക്കുന്നത്. എന്തെന്നാൽ, ഇവർ പ്രായേണ അഷ്ടാംഗഹൃദയം തന്നെ മുഴുവൻ പഠിക്കാറില്ല. പിന്നെ ഉപരിഗ്രന്ഥങ്ങളുടെ കഥ പറയാനൊന്നുമില്ലല്ലോ. പഠിപ്പും ശാസ്ത്രീയരീതിയിലല്ല; വെറും വ്യുല്പന്നന്മാരുടെ അർത്ഥം പറയൽ മാത്രമാണ്.

പാശ്ചാത്യവൈദ്യന്മാർ അവരുടെ വൈദ്യാഭിവൃദ്ധിക്ക് മനുഷ്യരാൽ കഴിയുന്ന യത്നങ്ങളൊക്കെ ചെയ്തുവരുന്നുണ്ട്. അവരുടെ ബുക്കുകളിലെ അർത്ഥങ്ങളെല്ലാം വ്യക്തങ്ങളാണ്. പക്ഷെ ഒറ്റ അർത്ഥം തന്നെ തിരിച്ചും മറിച്ചും എഴുതി അനേകം പുസ്തകങ്ങൾ പ്രചരിപ്പിച്ചിരിക്കകൊണ്ട് അതിൽനിന്നു സാരം തിരഞ്ഞെടുക്കുന്ന

തിന്നു വായനക്കാൎക്കു അധികം പ്രയാസം നേരിട്ടേക്കാം. എങ്കിലും അതു് പ്രയത്ന സാദ്ധ്യമാണു്. ആയുൎവ്വേദം ബ്രഹ്മാവു് ആദ്യം എഴുതിയതു് വലിയ വിസ്താരത്തിലും, ആ ആദ്യഗ്രന്ഥം ലക്ഷം ശ്ലോകം അടങ്ങിയതും ആയിരുന്നു. എങ്കിലും പിന്നീടുള്ളവർ കാലക്രമംകൊണ്ടു് ആ വക ഗ്രന്ഥങ്ങളുടെ വിസ്താരം ചുരുക്കിയും, അൎത്ഥം അധികം ഒതുക്കിയും എഴുതിവന്നു. അച്ചടി സമ്പ്രദായം ഇല്ലാതെയും കയ്യെഴുത്തു തന്നെ പ്രചരിപ്പിക്കുന്നതിന്നു ഇന്നത്തെപ്പോലെ സൌകര്യം ഇല്ലാതെയും ഇരുന്നിരുന്ന ആ കാലത്തു കാണാപ്പാഠം പഠിക്കുന്നതിന്നുവേണ്ടി ഇങ്ങിനെ വാചകം ചുരുക്കേണ്ടിവന്നതു് ആശ്ചര്യകരമല്ലല്ലോ. അന്നത്തെ കാലത്തു് അതു് എത്രയും ആവശ്യമായിരുന്നു. പക്ഷെ ഒരു വാചകത്തിൽ അധികം അൎത്ഥങ്ങൾ ഒതുക്കുമ്പോൾ തക്കതായ ഉപദേശങ്ങൾ കൂടാതെ ശരിയായി മനസ്സിലാക്കുവാൻ സാധിക്കുന്നതല്ലെന്നു വന്നു. ഈ വിധത്തിൽ എത്രയും അധികം അൎത്ഥം ഒതുക്കിയും, വാചകം ചുരുക്കിയും എഴുതിയതാണു് അഷ്ടാംഗഹൃദയം. ഇതു് ഏകദേശം രണ്ടായിരത്തോളം കൊല്ലം കയ്യെഴുത്തായി പ്രചരിച്ചിരിക്കുന്ന സ്ഥിതിക്കു് പല അക്ഷരത്തെറ്റുകളും വാചകത്തെറ്റുകളും വന്നുപോയിട്ടില്ലെന്നു പറയാൻ പാടില്ല. എങ്കിലും അൎത്ഥം ധരിക്കുന്നതിൽ വന്നുപോലെയുള്ള ഒരു തെററു് ഒരിക്കലും ശബ്ദവിഷയത്തിൽ വന്നിട്ടില്ലെന്നാണു് തോന്നുന്നതു്. വ്യാഖ്യാതാക്കന്മാരും ഇതിന്റെ ഉദ്ദിഷ്ടാൎത്ഥം പല ദിക്കിലും മറഞ്ഞുപോയതിൽ പിന്നെ സംസ്കൃത ഭാഷാജ്ഞാനത്തെ മാത്രം അടിസ്ഥാനപ്പെടുത്തി എഴുതിയതാണെന്നും വിചാരിക്കേണ്ടിവന്നിരിക്കുന്നു. ഒരു ഉദാഹരണം പറയാം. ഗൎഭോല്പത്തി പ്രകരണത്തിൽ താഴെ പറയുന്ന ശ്ലോകമാണു് വാഗ്ഭടാചാര്യൻ പറഞ്ഞിരിക്കുന്നതു്.

> ശുദ്ധെ ശുക്ലാൎത്തവെ സത്വഃ
> സ്വകൎമ്മക്ലേശചോദിതഃ
> ഗൎഭസ്സമ്പദ്യതേ യുക്തി–
> വശാദഗ്നിരിവാരണൌ.

ഇതിന്നിപ്പോൾ പറഞ്ഞുവരുന്നതും വ്യാഖ്യാനത്താൽ സാധിക്കാവുന്നതും ആയ അൎത്ഥം എന്തെന്നാൽ, ശുക്ലാൎത്തവം അതായതു് പുരുഷന്റെ ശുക്ലവും സ്ത്രീയുടെ ആൎത്തവവും ശുദ്ധം അതായതു് വാതാദികളാൽ അദൂഷിതമായിരിക്കുംസമയത്തിങ്കൽ, സ്വകൎമ്മക്ലേശചോദിതമായ അതായതു് സംസാരമൂലമായ തന്റെ പൂൎവ്വ ജന്മ കൎമ്മത്താൽ പ്രേരിതമായ, സത്വം—ജീവാത്മാവു്—ഗൎഭമായി ഉത്ഭവിക്കുന്നു; അല്ലെങ്കിൽ പരിണമിക്കുന്നു; അതിന്നു കാരണം, യുക്തിവശാൽ, അതായതു് യോഗവശാൽ എന്നും പറയുന്നു. അരണി അഗ്നിയിങ്കൽ എന്നപോലെയാണിതുത്ഭവിക്കുന്നതു്. മഥ്യമഥന മന്ഥാനാദി സാമഗ്രിയിങ്കൽ എങ്ങിനെ അഗ്നി ഉത്ഭവിക്കുന്നുവോ, അതുപോലെ ശുദ്ധ ശുക്ലാൎത്തവാദി സമ്പത്തിയിങ്കൽ ഗൎഭവും ഉല്പാദിക്കുന്നു. ഇങ്ങിനെ ഗുരുനാഥൻ അൎത്ഥം പറഞ്ഞുകൊടുക്കുകയും, ശിഷ്യൻ കേട്ടു തൃപ്തിപ്പെടുകയും, അതിന്നപ്പുറം ഒന്നും ആലോചിക്കാതെ രണ്ടുപേരുടേയും ശ്രദ്ധ പിന്നത്തെ ശ്ലോകത്തിലേക്കു് നയിക്കയും ചെയ്തുവരുന്നു. ഇത്രയും ലഘുവായ ഒരൎത്ഥം മാത്രമേ ഈ ശ്ലോകത്തിന്നു് ആചാര്യൻ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിൽ ആചാര്യനോ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിനോ ഒരിക്കലും ഈ പ്രശസ്തിയും പ്രചാരവും ലഭിക്കയില്ലായിരുന്നു എന്നാണിവിടെ ഒന്നാമതായി പറവാനുള്ളതു്. ഈ പറഞ്ഞ അൎത്ഥത്തിൽ പല ന്യൂനതയും ഉണ്ടു്. അന്യോന്യ വിരോധവും കാണാം. ഉപമ യോജിക്കയും ഇല്ല.

ശുക്ലാൎത്തവം വാതാദികളാൽ അദൂഷിതമായിരിക്കുമ്പോഴേ ഗൎഭം ഉണ്ടാവുള്ളുവെന്നു് പറയാൻ പാടില്ല. അങ്ങിനെയാണെങ്കിൽ പാരമ്പര്യമായി * കുഷ്ഠം മുതലായ രോഗം ഉള്ളതോ വാതാദി പ്രകൃതി

---

* "കുഷ്ഠം" എന്ന പദം ആയുൎവ്വേദത്തിൽ ഉപയോഗിക്കുന്നതു് Hansens' disease'ന്നു് മാത്രമല്ല. എല്ലാ ത്വഗ് രോഗങ്ങളും കുഷ്ഠമെന്ന പദംകൊണ്ടു് വ്യവഹരിക്കപ്പെടുന്നു.

ഭേദമുള്ളതോ ആയ ഗർഭം ഉത്ഭവിക്കാൻ പാടില്ലല്ലോ. ശുക്ലാർത്തവപദത്തിന്ന സാധാരണപോലെ ശുക്ലവും ആർത്തവവും എന്ന പറഞ്ഞതുകൊണ്ട് അർത്ഥം പൂർത്തിയാകുന്നതല്ല. ആർത്തവം എന്ന പറഞ്ഞാൽ സാമാന്യേന രജസ്വലാരക്തം എന്ന ധരിക്കാനാണധികം വഴിയുള്ളത്. രജസ്വലാരക്തത്തിന്റെ ശുദ്ധിയും യഥാകഥഞ്ചിൽ സൽഗർഭോല്പാദനത്തിന്ന് ഹേതുവായിരിക്കാമെങ്കിലും ഇതിന്ന സ്ത്രീബീജത്വം ഇല്ല. അങ്ങിനെ ആചാര്യൻ തെററിദ്ധരിക്കാൻ മാർഗ്ഗവും ഇല്ല. ഈ രക്തത്തെയാണ് ആർത്തവശബ്ദംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ തീണ്ടാരിദിവസങ്ങളായ മൂന്ന രാത്രികളെ മാത്രമേ ഋതുകാലമായി അദ്ദേഹം ഗണിക്കുമായിരുന്നുള്ളു. ഇതു പന്ത്രണ്ടോ പതിനാറോ രാത്രികളാണെന്ന് വിധിച്ചുവെന്ന് മാത്രമല്ല, അദൃഷ്ടാർത്തവമായിട്ടുകൂടി ഋതുകാലമുണ്ടെന്ന് ഒരിടത്ത് അദ്ദേഹം പ്രസ്താവിച്ചിട്ടും ഉണ്ട്. അതുകൊണ്ട് ആർത്തവശബ്ദംകൊണ്ട് പ്രാധാന്യേന ഋതുകാലത്തുണ്ടാവുന്നതായ സ്ത്രീബീജത്തെയാണ് ഗ്രഹിക്കേണ്ടത്. രജസ്വലാരക്തവും ഈ കാലത്തു കാണുന്നതുകൊണ്ട് ആ പേരിന്ന യഥാകഥഞ്ചിൽ അർഹമായിത്തീരുന്നുവെന്ന് മാത്രമേയുള്ളു. അതുകൊണ്ടിവിടെ ശുക്ലാർത്തവ പദത്തെ വിഗ്രഹിക്കേണ്ടതു ശുക്ലഞ്ച ശുക്ലാർത്തവഞ്ച ശുക്ലാർത്തവം എന്നാണ്. ശുക്ലം=പുരുഷബീജം. ശുക്ലാർത്തവം=സ്ത്രീബീജം. എന്തെന്നാൽ, ബീജരൂപമായി ഉത്ഭവിക്കുന്ന ആർത്തവം ശുക്ലധാതുവിന്റെ അംശവും, സ്ത്രീബീജകോശങ്ങളിൽ ഉരുക്കൂടി പ്രതിമാസം പുറത്തുവരുന്നതുമാകുന്നു. അതിനാൽ ഇതിന്ന ശുക്ലാർത്തവം എന്ന പേരാണ്. തീണ്ടാരിക്കാലത്ത് സ്രവിക്കുന്നത് രക്താർത്തവമാകുന്നു. പുരുഷന്മാരുടെയാകട്ടെ സ്ത്രീകളുടെയാകട്ടെ രണ്ടു കൂട്ടരുടേയും ശുക്ലധാതുവിന്ന് ഗർഭോല്പാദനമാകുന്നു ശ്രേഷ്ഠകർമ്മം എന്ന മഹർഷിമാർ ഐകകണ്ഠ്യേന തീർച്ചപ്പെടുത്തീട്ടുണ്ട്. (ശുക്ല ധാതു എന്ന പറയുന്നതും, ഇംഗ്ലീഷുവൈദ്യന്മാരുടെ പ്രോട്ടോപ്ലാസവും (Protoplasm) എന്നതാണ് ഒന്നുതന്നെയാകുന്നു.) ഗർഭോല്പാദനത്തിന്ന ആവശ്യമില്ലെങ്കിൽ സ്ത്രീകൾക്ക് ഏഴാമത്തെ ധാതുവില്ലെന്ന കല്പിക്കേണ്ടിവരും. 'ഗർഭോല്പാദശ്ച ധാതൂനാം' എന്നുള്ള വിധി ഇവർക്ക് ബാധകമല്ലെന്നും തീർച്ചപ്പെടുത്തേണ്ടിവരുന്നു. പക്ഷെ വാസ്തവം അങ്ങനെയല്ല. പുരുഷന്മാർക്കുള്ളതുപോലെ സ്ത്രീകൾക്കുള്ള ശുക്ലം ഉപസ്ഥ സമീപത്തിൽ വെച്ചു രണ്ടായി പിരിയുകയും, അതിലെ ബീജാംശം സ്ത്രീബീജകോശങ്ങളിൽ സഞ്ചയിക്കയും, രേതോംശം (രതിക്ക് ആവശ്യമായ ഭാഗം) യോനി സമീപത്തുള്ള സ്ഥാനങ്ങളിൽ ഉരുക്കൂടുകയും ആണ് ചെയ്യുന്നത്. ഈ രേതോംശത്തിന്ന ഗർഭോല്പാദനത്തിൽ പങ്കില്ല; ബീജാംശത്തിന്ന മാത്രമേയുള്ളു. ഈ ബീജരൂപമായ ആർത്തവത്തെയാണ് ആചാര്യൻ ശ്ലോകത്തിൽ പറഞ്ഞത്. ശുക്ലശുക്ലാർത്തവെ എന്ന പറയേണ്ടുന്ന ദിക്കിൽ പദം ചുരുക്കുവാൻ വേണ്ടി ആചാര്യൻ ഒരു ശുക്ലപദത്തെ ഒഴിച്ചതാണെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. യുക്തിവശാൽ എന്ന പറഞ്ഞതിന്ന കേവലം ദൈവയോഗമെന്നർത്ഥമല്ല. ഈ ശുക്ലാർത്തവത്തിങ്കലുള്ള യുക്തിയെയാകുന്നു ആചാര്യൻ വിവക്ഷിച്ചിട്ടുള്ളത്. ഇതിങ്കൽ സത്വം യോജിക്കണം; എന്നാൽ ഗർഭമായി പരിണമിക്കും; എന്നാണതിന്റെ സാരം. അതുകൊണ്ട് ഈ ശ്ലോകം താഴെ പറയുന്ന വിധത്തിലന്വയിക്കുന്നതായിരിക്കും നല്ലത്.

''ശുദ്ധെ ശുക്ലാർത്തവെ അഗ്നിരരണാവിവ
യുക്തിവശാൽ സത്വഃഗർഭസ്സമ്പദ്യതെ''

ശുദ്ധമായിരിക്കുന്ന ശുക്ലാർത്തവത്തിങ്കൽ, അഗ്നി അരണിയിലെന്നപോലെയുള്ള സത്വത്തിന്റെ യോഗം മൂലം ആണ് ഗർഭം ഉല്പാദിപ്പിക്കുന്നത് എന്ന സാരം. ഇതാണ് ''ശുക്ല ശോണിത ജീവസംയോഗെ കുക്ഷിഗതെ ഗർഭസംജ്ഞാ ഭവതി'' എന്ന ചരകൻ പറവാൻ കാരണം. ഇതിൽ ഓരോ പദത്തിന്റെ അർത്ഥത്തിലും അനേകം സാരങ്ങൾ അന്തർഭവിച്ചിട്ടുണ്ട്.

ശുക്ലാർത്തവെ എന്ന ഏകവചനം പ്രയോഗിച്ചതുകൊണ്ട് ഇവ രണ്ടും തമ്മിൽ ചേർന്നതിന്ന ശേഷം രണ്ടും

കൂടിയതിലാണ് സത്വാവേശം വേണ്ടത് എന്നു പറഞ്ഞുകഴിഞ്ഞു. ഇതിനെപ്പററി ഭാവമിശ്രൻ പറഞ്ഞിരിക്കുന്നതു നോക്കുക:

ശുക്രാർത്തവ സമായോഗേപ്യേഷാ
യദൈവ ഖലു ജായതേ
ജീവസ്തദൈവ വിശതി
യുക്ത ശുക്രാർത്തവാന്തരഃ

ജീവാവേശം വരുന്നതിനു മുമ്പ് ശുക്രാർത്തവങ്ങൾ തമ്മിൽ യോജിച്ചാൽ മാത്രം പോരാ. യോജിക്കുന്നതിനു മുമ്പ് അവയ്ക്കു രണ്ടിനും ശുദ്ധിയുണ്ടെന്നും, ശുക്ലപദത്തെ മുമ്പിൽ പ്രയോഗിച്ചതുകൊണ്ട് അതിന്റെ ശുദ്ധി മുമ്പിലാണ് എന്നും, അന്യോന്യം യോജിക്കുന്നതിലും പ്രധാനകർത്തൃത്വം പുരുഷബീജത്തിനാണെന്നും സ്പഷ്ടമാകുന്നു. ഇംഗ്ലീഷുവൈദ്യന്മാർ രണ്ടു ബീജങ്ങൾക്കും ഓരോതരം ശോധനം ഉണ്ടെന്ന് മനസ്സിലാക്കീട്ടുണ്ട്. ഇതിനവർ ധ്രുവഗോള (Polar bodies) വിസർജ്ജനം എന്നു പറയും. ഇതു പുരുഷബീജത്തിനു പുറത്തു വരുന്നതിനുമുമ്പുതന്നെ കഴിയും. സ്ത്രീബീജത്തിനു സ്ഥാനത്തിൽനിന്നു പുറപ്പെട്ടശേഷം മാർഗ്ഗമദ്ധ്യത്തിൽ വെച്ചാണുണ്ടാവുന്നത്. ഇതു കഴിഞ്ഞതിനുശേഷം തമ്മിൽ യോജിച്ചാൽമാത്രമേ ആ യോഗം ഫലപ്രദമാകയുള്ളുവെന്നാണ് സിദ്ധാന്തം. ബീജങ്ങൾ തമ്മിൽ യോജിച്ചതിനുശേഷമാണ് സത്വം പ്രവേശിക്കുന്നതെന്നു മുമ്പു പറഞ്ഞിട്ടും ഉണ്ടല്ലോ. ജീവൻ സ്വകർമ്മാനുസാരേണയാകുന്നു ഇതിൽ പ്രവേശിക്കുന്നത്. ഒരു മോട്ടോർ യന്ത്രം ഉണ്ടാകുന്നപക്ഷം അതിന്റെ എല്ലാ ഭാഗങ്ങളും ശരിപ്പെടുത്തിവെച്ചാൽ അതിൽനിന്നു ശക്തി പുറപ്പെടുവിക്കാം. ജീവന്റെ സംഗതി ഇതുപോലെയല്ല. ശുക്രാർത്തവസംയോഗം ഉണ്ടായിരുന്നാലും ചിലപ്പോൾ ജീവാവേശം ഉണ്ടായില്ലെന്നു വരാം. അതുണ്ടാക്കാൻ മനുഷ്യപ്രയത്നത്താൽ സാദ്ധ്യമല്ല. ഉത്ഭവിക്കാൻ പോകുന്ന ജീവൻ സ്വയമേവ വന്നുചേരണം. അത്രയുമല്ല, അതിന്റെ മേലുള്ള ശുഭാശുഭങ്ങൾ പൂർവ്വാർജ്ജിതകർമ്മംപോലെ ഇരിക്കുന്നതുമാണ്. ഈ അർത്ഥം സൂചിപ്പിക്കാനാണ് സ്വകർമ്മക്ലേശചോദിതഃ എന്ന വിശേഷണം കൊടുത്തത്. യോഗ്യന്മാരായ ഡോക്ടർമാർപോലും മക്കളില്ലാതെ വ്യസനിക്കുന്നതും, ഉള്ളവരുടെ ദുർന്നടപ്പുകളെക്കൊണ്ടും മററും ബുദ്ധിമുട്ടുന്നതും നാം കണ്ടുവരുന്നതാണല്ലോ.

ഉപമകൊണ്ടു സത്വത്തിനു ശുക്രാർത്തവത്തിങ്കലുള്ള യുക്തിയുടെ സ്വഭാവത്തെ വർണ്ണിക്കുകയാകുന്നു ആചാര്യൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ അരണി അഗ്നി ഇവ ഉപമാനങ്ങളും ശുക്രാർത്തവം സത്വം ഇവ ഉപമേയങ്ങളും ആകുന്നു. ശുദ്ധ എന്ന വിശേഷണം ഘടിപ്പിക്കുവാൻ വേണ്ടിയാണ് അരണൗ എന്നു പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ ഇന്ധനം എന്നേ അർത്ഥമുള്ളു. അഗ്നി അരണിയിൽ യോജിച്ചാൽ എന്തു സംഭവിക്കുന്നു എന്ന് ഒന്നാമതായി അറിയേണ്ടിയിരിക്കുന്നു. ഇതു കത്തിജ്ജ്വലിക്കുകയാണ് ചെയ്യുന്നത്. അഗ്നിയും അരണിയും കൂടിയ ഈ സംബന്ധം നിലനില്ക്കണമെങ്കിൽ വീണ്ടും വീണ്ടും അതിൽ അരണിയെ ചേർക്കണം. അല്ലെങ്കിൽ രണ്ടും നശിക്കും. ഇതുപോലെ ജീവൻ എപ്പോൾ ശുക്രാർത്തവത്തിന്മേൽ യോജിക്കുന്നുവോ, അപ്പോൾ ദഹനം ആരംഭിക്കുന്നു. അപ്പോൾ മുതൽക്കു പോഷകവസ്തുക്കളെ ലഭിച്ചില്ലെങ്കിൽ അതു നശിക്കുകയും ചെയ്യും. അതുകൊണ്ടു പോഷകാംശലാഭം അപ്പോൾ മുതൽ അത്യാവശ്യമായി വരുന്നു. ഇതാണ് പിന്നത്തെ ശ്ലോകംകൊണ്ട് ആചാര്യൻ പോഷണപ്രകാരത്തെ വർണ്ണിപ്പാൻ പുറപ്പെട്ടതിന്റെ കാരണം എന്നും അറിയേണ്ടതാകുന്നു. ഈ ശ്ലോകത്തിന്റെ അർത്ഥം തന്നെ വളരെ വർണ്ണിപ്പാനുണ്ട്. അവയെ തൽക്കാലം വിസ്തരഭയത്താൽ നിർത്തുന്നു. മേല്പറഞ്ഞതിൽനിന്ന് നാം മനസ്സിലാക്കേണ്ടതെന്തെന്നാൽ, നാം നമ്മുടെ ശാസ്ത്രത്തിൽ കടന്നു നല്ലവണ്ണം പരിശ്രമിച്ച് അതിന്റെ തത്വങ്ങളെ മനസ്സിലാക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടതെന്നും, അതില്ലാതെ വെറുതെ വാഗ്വാദത്തിനൊരുങ്ങിയതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ ഇടയില്ലെന്നും ആകുന്നു. ●

Aryavaidyan, Vol. 1, No. 2, November 1987 (133-138)

# രോഗം

കെ. രാഘവൻ തിരുമുൽപ്പാട്, ചാലക്കുടി

സാധാരണ ജനങ്ങളെ സംബന്ധിച്ച് രോഗം എന്നാൽ എന്ത് എന്നതിനെക്കുറിച്ച് ഒരു സംശയവുമില്ല. പനി, ചുമ, തലവേദന, ഛർദ്ദി, ചൊറി എന്നിങ്ങനെ പറയപ്പെടുന്നവയാണ് അവക്ക് സുഖക്കേട്. സുഖത്തിനുണ്ടാവുന്ന കേടാണ് സുഖക്കേട്. ദുഃഖമെന്നു താല്പര്യം. തദ്ദുഃഖസംയോഗമാണ് രോഗമെന്ന് ആയുർവ്വേദത്തിലും ശാസ്ത്രീയമായി പറയപ്പെട്ടിരിക്കുന്നു. പഞ്ചഭൂതങ്ങളും ആത്മാവും ചേർന്നിരിക്കുന്ന കർമ്മപുരുഷനാണ് ചികിത്സയ്ക്കു അധികൃതൻ എന്നു പറയപ്പെട്ടിട്ടുണ്ട്. ചികിത്സ ആവശ്യമായി വരുന്നവനാണ് ചികിത്സയ്ക്കു അധികൃതൻ. കർമ്മം എന്നതു ഇവിടെ ചികിത്സയെക്കുറിക്കുന്നു. കർമ്മം ആവശ്യമായി വരുന്ന പുരുഷൻ കർമ്മപുരുഷൻ. അവന്നു ദുഃഖമുണ്ടാവുന്നതാണ് രോഗം. ദുഃഖമെന്നു രോഗത്തിന്നു പര്യായം തന്നെ പറയപ്പെട്ടിട്ടുണ്ട്. സാക്ഷിയും നിർവ്വികാരനുമായ ആത്മാവിന്നു രോഗം ബാധിക്കുകയില്ല. പഞ്ചഭൂതമയമായ ദേഹത്തെ ചൈതന്യവത്താക്കുകകൊണ്ട് ആത്മാവിന്ന് ചേതനൻ എന്ന പേരുമുണ്ട്. ആത്മാവിന്റെ സാന്നിദ്ധ്യത്തിലാണ് പഞ്ചഭൂതങ്ങൾ സംഘടിതമായി (Integrated) ദേഹം നിലനില്ക്കുന്നത്. ആത്മാവു വിഗതമാകുമ്പോൾ ദേഹം വിഘടിതമാകുന്നു(Disintegrated). അതോടെ പഞ്ചഭൂതങ്ങളും ശിഥിലമായി അതാതിന്റെ പ്രകൃതിയിൽ ലയിക്കുന്നു. അതുകൊണ്ട് മരണത്തിന്നു പഞ്ചത എന്ന പേർ തന്നെ ഉണ്ടായിരിക്കുന്നു. ഞാൻ എന്ന അഭിമാനം ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു. കർമ്മപുരുഷന്നു പഞ്ചഭൂതമായ ദേഹത്തിന്നുണ്ടാവുന്ന വികാരത്തിൽ അനുഭവപ്പെടുന്ന വേദനയെയാണ് രോഗമെന്നു പറയുന്നത്. രോഗമെന്ന ശബ്ദത്തിന്നു തന്നെ വേദനിപ്പിക്കുന്നത് എന്നാണ് താല്പര്യം. രോഗംകൊണ്ട് മാനസമായി അനുഭവപ്പെടുന്ന ദുഃഖവും ഇവിടെ സ്മരണീയമാണ്.

ദോഷധാതുമലമൂലമാണ് ദേഹമെന്നു പറയപ്പെട്ടിട്ടുണ്ട്. ദോഷവും ധാതുവും മലവുമല്ലാതെ ദേഹത്തിൽ യാതൊന്നുമില്ല. ഘടകം എന്ന അർത്ഥത്തിലാണ് ഇവിടെ മൂലശബ്ദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. വൃക്ഷത്തിന്റെ മൂലം എന്നു പറയുമ്പോൾ മരത്തിന്റെ വേരിന്നുപുറമെ തടിയും കൊമ്പുകളും ചില്ലകളും ഇലകളും മറ്റും വേറെയുമുണ്ടല്ലൊ. അതുപോലെ, ദോഷവും ധാതുവും മലവുമല്ലാതെ, ദേഹത്തിന്റെ അവയവങ്ങളായി വേറെ ചിലതില്ല. ഏതവയവവും ദോഷധാതുമലമയമാകുന്നു. അതുകൊണ്ടു ഇവിടെ മൂലം എന്ന ശബ്ദത്തിന്നു ഘടകം എന്ന താല്പര്യമാണെന്നു നിശ്ചയിക്കാം. ദോഷങ്ങൾ മൂന്നും, ധാതുക്കൾ ഏഴും, മലങ്ങൾ ആഹാരപാകത്തിൽ അവശേഷിക്കുന്ന രണ്ടെണ്ണവും ധാതുപാകത്തിൽ അവശേഷിക്കുന്ന ഏഴുമുൾപ്പെടെ ഒമ്പതുമാകുന്നു. പഞ്ചഭൂതമയമായ ദേഹത്തെ പോഷിപ്പിക്കുന്നത് പഞ്ചഭൂതമയമായ ആഹാരമാണ്. കോഷ്ഠത്തിൽ (അന്നനാളമെന്നു പറയുന്ന മഹാസ്രോതസ്സിൽ) അതാതു സ്ഥാനത്തുവെച്ചു നടക്കുന്ന പാകത്തിൽ അവിടവിടെ പ്രാ

ധാന്യേന സ്ഥിതിചെയ്യുന്ന ദോഷങ്ങൾ, ആദ്യം കഫവും, പിന്നെ പിത്തവും, പിന്നെ വാതവും, പോഷിപ്പിയ്ക്കപ്പെടുന്നു. കഫത്തിന്നു ഉരസ്സും, പിത്തത്തിന്നു നാഭിയും, വാതത്തിന്നു പക്വാധാനവും, വിശേഷസ്ഥാനം (മൂലസ്ഥാനം) ആകുന്നു. ദേഹം മുഴവൻ തന്നെ അവയ്ക്കു ഗോചരസ്ഥാനം (പ്രവൃത്തിമണ്ഡലം) ആണ്. കോഷ്ഠത്തിൽ നടക്കുന്ന പാകങ്ങൾകൊണ്ടു വേർതിരിയുന്ന ആഹാരസാരം വിവിധങ്ങളായ പാകങ്ങൾകൊണ്ടു ധാതുക്കളായി പരിണമിക്കുമ്പോൾ, ഓരോ ധാതുവിലും നടക്കുന്ന പരിണാമത്തിന്റെ ഫലമായി, സാരം സംഗ്രഹിയ്ക്കപ്പെട്ടു അതാതിന്റെ മലം അവശേഷിയ്ക്കുന്നു. രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നിവയാണ് ഏഴു ധാതുക്കൾ. ഛർദ്ദിക്കുമ്പോഴും മററും പ്രത്യക്ഷപ്പെടുന്ന കഫം രസത്തിന്റേയും പിത്തം രക്തത്തിന്റേയും മലങ്ങളാണ്. സ്രോതസ്സുകളിൽ കാണപ്പെടുന്ന ഉപലേപരൂപമായ മലം മാംസത്തിന്റെ മലമാണ്. വിയപ്പ് മേദസ്സിന്റെ മലമാണ്. നഖവും രോമങ്ങളും അസ്ഥിയുടെ മലമാണ്. നേത്രം, ത്വക്ക്, പുരീഷം എന്നിവയിൽ കാണപ്പെടുന്ന മെഴുക്കമയം മജ്ജയുടെ മലമാണ് എന്ന് കരുതപ്പെടുന്നു. ശുക്ലത്തിന്റെ മലം ഓജസ്സെന്ന് പറയപ്പെടുന്നു. ഗർഭകാരണമായ ബീജമാകുന്ന അംശത്തെ ശുക്ലത്തിന്റെ സാരമെന്നു പറയാമെങ്കിൽ അവശിഷ്ടമായ ഭാഗത്തെ മലമായ ഓജസ്സെന്നു പറയാമെന്നു തോന്നുന്നു. ഈ മലങ്ങളെല്ലാം കുറേ നേരം (കാലം) ശരീരത്തിൽ അതാതിന്റെ ആശയത്തിൽ സഞ്ചയിച്ചിരുന്നതിന്നു ശേഷമാണ് വേഗങ്ങളായും മററും ബഹിർഗമിക്കുന്നത്. ദേഹത്തിലിരിക്കുന്ന കാലത്ത്, ദേഹധാരണത്തിൽ അതാതിന്റേതായ പങ്കു വഹിയ്ക്കുകയും ചെയ്യുന്നു. ബഹിർഗമിയ്ക്കുന്നതിന്നു സ്വന്തം സ്രോതസ്സുകളില്ലാത്ത മലങ്ങൾ മിക്കവാറും വിയപ്പിലും മൂത്രത്തിലും പുരീഷത്തിലും കലർന്നാണ് ബഹിർഗമിക്കുന്നത്. രോമവും നഖവും പുറത്തേയ്ക്കു നീണ്ടുപോകുന്നു. അവ കുറേയൊക്കെ മുറിഞ്ഞുപോവുകയും, സൗകര്യത്തിന്നും ഭംഗിയ്ക്കും വേണ്ടി മുറിച്ചുകളയുകയും ചെയ്യുന്നു. നഖങ്ങൾ കണ്ടമാനം വളരുന്നത് കൈകൾകൊണ്ടുള്ള പ്രവൃത്തിയ്ക്കു അസൗകര്യമാണല്ലൊ. ഇവിടെ ധാതുക്കളുടെ മലങ്ങളെ കുറിച്ചു നിശ്ചയിച്ചതും മററും അനുമാനംകൊണ്ടാണ്. അതാതു ധാതുവിന്റെ വികാരം അതാതിന്റെ മലത്തിന്നും വികാരമുണ്ടാക്കുന്നു. രസധാതുവിന്റെ വികാരത്തിൽ മലമായ കഫത്തിന്നു കാണുന്ന വികാരംനിമിത്തം കഫം രസത്തിന്റെ മലമാണ് എന്നൂഹിയ്ക്കുന്നു. രസം വേണ്ടവിധം രക്തമായി പരിണമിയ്ക്കാത്ത ക്ഷയരോഗത്തിൽ, ചുമച്ചു തുപ്പുന്നതിന്നു തക്കവിധം കഫം വദ്ധിക്കുന്നതുദാഹരണമാണ്. മേദസ്സിന്റെ ദുഷ്ടിയോടു കൂടിയ പ്രമേഹത്തിൽ വിയപ്പിനുണ്ടാവുന്ന വികാരം മറെറാരുദാഹരണമാണ്. പ്രത്യക്ഷം അല്പമാണ്, അനല്പമാണ് പരോക്ഷം. പരോക്ഷത്തെ അനുമിയ്ക്കുകയേ നിവൃത്തിയുള്ളു. ആചാര്യന്മാർ ശാസ്ത്രീയമായി അനുമിയ്ക്കപ്പെട്ടതിനെ ആഗമങ്ങളിൽ രേഖപ്പെടുത്തിവെച്ചിരിയ്ക്കുന്നു. അതുകൊണ്ടു പ്രത്യക്ഷത്തോടൊപ്പം, അനുമാനത്തേയും ആഗമത്തേയും കൂടി ജ്ഞാനത്തിന്നുള്ള ഉപായങ്ങളായ പ്രമാണങ്ങളായി ശാസ്ത്രത്തിൽ അംഗീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അനുഭവത്തിന്നൊത്തിരിയ്ക്കുന്നേടത്തോളം, അനുഭവപ്പെടുത്താൻ കഴിയുന്നേടത്തോളം മാത്രമേ അവയെല്ലാം പ്രമാണത്വമുള്ളുവെന്നും, ശാസ്ത്രത്തിൽ നിർദ്ദേശിയ്ക്കപ്പെട്ടവയെല്ലാം തന്നെ അനുഭവപ്പെടുത്തി ബോധ്യപ്പെടണമെന്നും ആചാര്യന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആഗമസിദ്ധമായിരിയ്ക്കുന്നതോടൊപ്പം, പ്രത്യക്ഷ ഫലദർശനം കൂടിയായിരിക്കുന്നതുകൊണ്ട്, തന്റെ കൃതിയെ സംശയിക്കാതെ, തർക്കിക്കാതെ, വിശ്വസിച്ചു പ്രയോജനപ്പെടുത്താമെന്നു വാഗ്ഭടൻ പറയുന്നു. ''ഇദമാഗമസിദ്ധത്വാൽ പ്രത്യക്ഷ ഫല ദർശനാൽ മന്ത്രവൽ സമ്പ്രയോക്തവ്യം നമീമാംസ്യം കഥംചന.'' അനുഭവംകൊണ്ടു ബോധ്യപ്പെടുന്ന സംഗതിയെ നിഷേധിയ്ക്കുകയുക്തമല്ലല്ലൊ. മറെറാരു വിധത്തിൽക്കൂടി പരിശോധിച്ചുകൂടായ്കയില്ല. അത്തരം പരിശോധനകൾ ഒരു പക്ഷെ സൗകര്യത്തെ

വർദ്ധിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യേക്കാം. എന്നാൽ അതൊന്നും അനുഭവത്തിന്നൊത്തിരിയ്ക്കുന്ന പൂർവ്വ നിഗമനത്തെ നിഷേധിക്കുന്നതായി കരുതിക്കൂട എന്നു തന്നെ പറയണം.

ദോഷങ്ങൾക്കും ധാതുക്കൾക്കും മലങ്ങൾക്കും കർമ്മങ്ങൾ പറയപ്പെട്ടിട്ടുണ്ട്. അവയുടെ കർമ്മങ്ങൾ വഴിപോലെ നിർവ്വഹിക്കപ്പെടുന്ന അവസ്ഥയാണ് ആരോഗ്യം എന്നു പറയപ്പെടുന്നത്. അതാതു അതാതിന്റെ കർമ്മത്തെ വഴിപോലെ ചെയ്യുന്നു എന്ന അർത്ഥത്തിൽ ആരോഗ്യത്തെ സ്വസ്ഥത എന്നു പറയുന്നു. ''സമദോഷഃ സമാഗ്നിശ്ച സമധാതു മലക്രിയഃ പ്രസന്നാത്മേന്ദ്രിയ മനാഃ സ്വസ്ഥ ഇത്യഭിധീയതേ'' എന്നു സ്വസ്ഥത വിവരിക്കപ്പെട്ടിട്ടുണ്ട്. ദോഷങ്ങൾ സമങ്ങളായി, അഗ്നിസമമായി, ധാതുക്കളും മലങ്ങളും, ക്രിയകളും സമങ്ങളായി, ആർക്ക് ആത്മാവും ഇന്ദ്രിയങ്ങളും മനസ്സും പ്രസന്നങ്ങളായിരിക്കുന്നുവോ അവനെ സ്വസ്ഥനെന്നു പറയുന്നു എന്നു താല്പര്യം. സമങ്ങൾ എന്നതിന്നു സ്വകർമ്മങ്ങളെ വഴിപോലെ ചെയ്യുന്നവ എന്നാണു താല്പര്യം. സമാഃ സ്വം കർമ്മ കുർവ്വതേ—സമത്വം അവസ്ഥാനം സ്വകർമ്മസു എന്നെല്ലാം പറയപ്പെട്ടിട്ടുണ്ട്. സ്വസ്ഥതയെ വിവരിക്കുന്നതിലെ പദങ്ങളുടെ ക്രമത്തിന്നു തന്നെ പ്രത്യേകിച്ചു താല്പര്യമുണ്ട്. ദോഷങ്ങൾ സമങ്ങളായി, സ്വകർമ്മങ്ങളെ നിർവ്വഹിച്ചു കൊണ്ടിരിക്കണം. അപ്പോൾ അഗ്നിസമമായി സ്വകർമ്മത്തെ നിർവ്വഹിയ്ക്കും. അഗ്നിയെന്നത് ആഹാരത്തിന്റെ പാകത്തേയും ധാതുക്കളുടെ പരിണാമത്തേയും നിർവ്വഹിക്കുന്ന ശക്തി വിശിഷ്ടമായ പദാർത്ഥമോ പദാർത്ഥങ്ങളോ ആണ്. അഗ്നി സമമാണെങ്കിലേ ആഹാരം വേണ്ടവിധം പക്വമായി മലങ്ങൾ വേർതിരിഞ്ഞ് ധാതുക്കൾ വേണ്ടവിധം പുഷ്ടമായിത്തീരുകയുള്ളു. അപ്പോഴേ ധാതുക്കളും മലങ്ങളും സമങ്ങളായി അതാതിന്റെ സ്വാഭാവികങ്ങളായ കർമ്മങ്ങളെ നിർവ്വഹിക്കുകയുള്ളു. ക്രിയകൾ എന്നതുകൊണ്ട് ശ്വാസകോശം ഹൃദയം, വസ്തി മുതലായ അവയവങ്ങളുടെ കർമ്മങ്ങളാണുദ്ദേശിക്കപ്പെടുന്നത് എന്നു കരുതാം. ദോഷങ്ങളും ധാതുക്കളും മലങ്ങളും സമങ്ങളായിരിക്കുമ്പോഴാണ് അവയുടെ കർമ്മങ്ങളും വേണ്ടവിധമിരിക്കുക. ഇത്രയുംകൊണ്ടു ആരോഗ്യത്തിന്റെ സാഹചര്യത്തെ പറഞ്ഞുവെന്നു കരുതാം. സ്വസ്ഥതയുടെ യഥാർത്ഥമായ ലക്ഷണം. ആത്മാവും ഇന്ദ്രിയങ്ങളും പ്രസന്നങ്ങളായിരിക്കുക എന്നതാണ്. ആത്മാവിന്നു സത്യത്തേയും ദുഃഖത്തേയും അനുഭവിക്കുന്നതിനുള്ള ഉപകരണം മനസ്സാണ്. മനസ്സ് ഇന്ദ്രിയങ്ങളിലൂടെയാണ് വിഷയങ്ങളോടു ബന്ധപ്പെടുന്നത്. സാഹചര്യങ്ങളെല്ലാം അനുകൂലമായിരിക്കുമ്പോൾ, ഇന്ദ്രിയങ്ങളും മനസ്സും തെളിഞ്ഞിരിയ്ക്കുന്നു. പ്രസാദമെന്നതിന്നു തെളിവ്, നൈർമ്മല്യം എന്നു താല്പര്യം. അപ്പോൾ ആത്മാവ് (താൻ) പ്രസന്നനായി സുഖമെന്നഭിമാനിയ്ക്കുന്നു. പ്രസാദമെന്നതിന്നു സുഖമെന്നും താല്പര്യമുണ്ടല്ലോ. വിഷാദമെന്നത് (പ്രസാദം x വിഷാദം) ദുഃഖമാകുന്നു. നാലാം പാദത്തിൽ ഒരു ചെറിയ വ്യത്യാസം വരുത്തിയാൽ സ്വസ്ഥതയ്ക്കുള്ള ബാഹ്യമായ കാരണത്തേയും ഈ ശ്ലോകത്തിൽ ഉൾപ്പെടുത്താം. സ്വസ്ഥഃ സ്യാൽ സമയോഗതഃ സമയോഗംകൊണ്ടാണ് ദോഷസാമ്യത്തിലാരംഭിയ്ക്കുന്ന സ്വസ്ഥത അനുഭവപ്പെടുന്നത് എന്നു താല്പര്യം. ഹീനയോഗവും മിഥ്യായോഗവുമില്ലാത്ത സമ്യഗ്യോഗം തന്നെയാണ് ഇവിടെ സമയോഗം. കാലം, അർത്ഥം കർമ്മം എന്നിവയുടെ സമ്യഗ്യോഗമാണ് ആരോഗ്യത്തിന്നു ഏകകാരണമെന്നാണല്ലോ. പരിതസ്ഥിതികളും ആഹാരാദികളും മനോവാക്കായങ്ങൾ കൊണ്ടുള്ള പ്രവൃത്തികളും വേണ്ടതു വേണ്ടതുപോലെയിരിയ്ക്കുക എന്നതാണ് സമയോഗം (സമ്യഗ്യോഗം) ഗീത വായിയ്ക്കുമ്പോൾ സമത്വത്തെ ഊന്നിപ്പറഞ്ഞിരിയ്ക്കുന്നത് കാണാം, സമത്വം യോഗ ഉച്യതേ, സമബുദ്ധിർ വിശിഷ്യതേ എന്നെല്ലാം. സമത്വമെന്നതു് ആയുർവേദത്തിന്റെ മാത്രമല്ല, ഭാരതീയ സംസ്കാരത്തിന്റെ തന്നെ മാർഗ്ഗനിർദ്ദേശകമായ, മഹത്വമേറിയ, സുഖാവാപ്തിയ്ക്കുള്ള ഉപായത്തെക്കുറിയ്ക്കുന്ന മുദ്രാവാക്യമാണെന്നു കരുതാം. പ്ര

സാദമെന്നു ദുഃഖമേതുമൊഴിഞ്ഞ അവസ്ഥയാണെന്ന് പ്രസാദേ സർവ്വദുഃഖാനാം ഹാനിരസ്യോപജായതേ, (പ്രസാദത്തിൽ ദുഃഖങ്ങളെല്ലാം ഒഴിയുന്നു) എന്നും ഗീത പറയുന്നു. ദോഷത്തിന്റെ സമത്വത്തിലാണ് ദേഹത്തിൽ മറ്റെല്ലാം സമങ്ങളായിരിക്കുന്നത്. അതുകൊണ്ട് ദോഷമൊഴിച്ചു മറ്റുള്ളവയെല്ലാം ദോഷത്തിനു വിധേയങ്ങൾ എന്ന താൽപര്യത്തിൽ ദൂഷ്യങ്ങൾ എന്നു പറയപ്പെടുന്നു. ദോഷങ്ങൾ സമങ്ങളാണെങ്കിൽ മറ്റുള്ളവയെല്ലാം സമങ്ങളായിരിക്കും. ദോഷങ്ങൾ സമങ്ങളല്ലെങ്കിൽ മറ്റുള്ളവയെല്ലാം സമങ്ങളായിരിക്കുകയില്ല. (ദോഷങ്ങൾ വിഷമങ്ങളാണെങ്കിൽ ദൂഷ്യങ്ങളും വിഷമങ്ങളായിരിക്കും) ദോഷങ്ങൾ സമങ്ങളായിരിക്കുന്നതിനു കാലാർത്ഥകർമ്മങ്ങളുടെ യോഗങ്ങളും സമങ്ങളായിരിക്കണം. കാലാർത്ഥകർമ്മങ്ങളുടെ യോഗങ്ങൾ വിഷമങ്ങളാകുമ്പോൾ ദോഷങ്ങൾ വിഷമങ്ങളായിത്തീരുന്നു. കാലാത്മകർമ്മങ്ങളുമായുള്ള കർമ്മപുരുഷന്റെ ബന്ധത്തെയാണ് ഇവിടെ യോഗമെന്ന് പറയുന്നത്. കാലാത്മകർമ്മങ്ങളോട് ബന്ധം കൂടാതെ ജീവിതം സാദ്ധ്യമല്ല. ജീവിതത്തിന്റെ സാഹചര്യവും സമ്പ്രദായവുമാണ് കാലാത്മകർമ്മബന്ധംകൊണ്ടുദ്ദേശിക്കുന്നതു എന്നു പറയാം. അതുകൊണ്ടു ആരോഗ്യത്തിനു വേണ്ടി ശ്രദ്ധിക്കേണ്ടതു മുഖ്യമായി ജീവിതത്തിന്റെ സാഹചര്യത്തിലും സമ്പ്രദായത്തിലുമാണ് എന്ന സന്ദേശവും ഇതിലടങ്ങിയിരിക്കുന്നു. സ്വസ്ഥത സ്വാഭാവികതയേയും കുറിക്കുകയാണ്. ആരോഗ്യമാണ് സ്വാഭാവികം, ദൈവീകങ്ങളായ എല്ലാ പ്രക്രിയകളുടേയും പ്രവണത ആരോഗ്യാഭിമുഖ്യമാണ് എന്ന സൂചനയും ലഭിക്കുന്നു. ഹിതചര്യകൊണ്ട്, ദേഹത്തിന്റെ സ്വാഭാവികമായ ആരോഗ്യാഭിമുഖമായ പ്രവണതയും പ്രാവർത്തികമാക്കുവാൻ സൗകര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്. രോഗത്തെ പ്രതിരോധിക്കുന്നതിനു സഹജമായുള്ള സാമർത്ഥ്യത്തേയും അതു കുറിക്കുന്നു.

ഇത്രയും പറഞ്ഞതിൽ നിന്നു വളരെ വിസ്തരിക്കാതെതന്നെ രോഗമെന്നാൽ എന്തെന്നും വിചാരിക്കാവുന്നതാണ്. കാലാദികളുടെ അസമ്യഗ്യോഗംകൊണ്ട് ദോഷങ്ങൾക്കു വൈഷമ്യം വന്നു അതുകൊണ്ട് ദൂഷ്യങ്ങളും വിഷമങ്ങളായി അനുഭവപ്പെടുന്ന വികാരമാണ് രോഗം. രോഗത്തിൽ ദോഷങ്ങളുടേയും അവയെ ആശ്രയിച്ചിരിക്കുന്ന ദൂഷ്യങ്ങളുടേയും കർമ്മങ്ങൾക്കു വികാരം വരുന്നു. അതു പലേ രൂപത്തിലുള്ള ലക്ഷണങ്ങൾക്കു കാരണമാകുന്നു. അവികൃതങ്ങളായ ദോഷങ്ങൾക്കും ദൂഷ്യങ്ങൾക്കും പ്രാകൃതികങ്ങളായി ചില കർമ്മങ്ങൾ പറയപ്പെട്ടിട്ടുണ്ടല്ലോ. അവയാണ് ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ. നിദാനത്തിന്റെ വ്യത്യാസമനുസരിച്ച് ദോഷങ്ങളുടെ വൈഷമ്യത്തിനും ദൂഷ്യങ്ങളുടെ വൈഷമ്യത്തിനും വ്യത്യാസം വരാം. അതുകൊണ്ട് അവയുടെ കർമ്മങ്ങൾക്കു വരുന്ന വ്യത്യാസങ്ങളും പലേ തരത്തിലായിരിക്കും. അതുകൊണ്ടുതന്നെ ലക്ഷണങ്ങളും വ്യത്യാസപ്പെട്ടിരിക്കും. ദോഷങ്ങളുടേയും ദൂഷ്യങ്ങളുടേയും വികൃതങ്ങളായ കർമ്മങ്ങളാണ് രോഗത്തിൽ (രോഗങ്ങളിൽ) ലക്ഷണങ്ങളായി അനുഭവപ്പെടുന്നതു് എന്നു താൽപ്പര്യം. വ്യവഹാരത്തിന്റെ സൗകര്യത്തിനുവേണ്ടി ഏതെങ്കിലും പ്രധാനപ്പെട്ട ലക്ഷണത്തെ കേന്ദ്രീകരിച്ച്, മറ്റു ലക്ഷണങ്ങളേയും ക്രോഡീകരിച്ച് രോഗത്തിനു പേരിട്ടിരിക്കുന്നു. അതാത് കാലത്തു സാഹചര്യത്തിന്റേയും സമ്പ്രദായത്തിന്റേയും സ്ഥിതിക്കനുസരിച്ച് ദോഷവൈഷമ്യത്തിന്റെ രീതിക്കു വ്യത്യാസം വരുമെന്നതുകൊണ്ട് ലക്ഷണങ്ങൾക്ക് വ്യത്യാസം വരാം. അങ്ങിനെയുണ്ടാവുന്ന ''പുതിയ'' രോഗങ്ങൾക്കു നിദാനത്തേയും ലക്ഷണത്തേയും ചികിത്സയേയും വ്യവസ്ഥപ്പെടുത്തിവെക്കുന്നത് ആലോചനക്കു സൗകര്യം നൽകുമല്ലോ. അങ്ങനെ അതാതു കാലത്ത് വ്യവസ്ഥപ്പെടുത്തപ്പെട്ട രോഗങ്ങളാണ് പ്രാചീനങ്ങളായ ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അവയിൽ ചിലതെല്ലാം ഇക്കാലത്ത് അപൂർവ്വങ്ങളായിത്തീർന്നിരിക്കും, ചിലതിനെല്ലാം ലക്ഷണങ്ങൾക്കു വ്യത്യാ

സങ്ങൾ വന്നിരിക്കും. മുമ്പ് അസാധാരണങ്ങളായിരുന്നവ അധികം സാധാരണങ്ങളായി എന്നും വരും. മുമ്പില്ലാതിരുന്ന തരത്തിൽ ചിലതെല്ലാം കാണപ്പെട്ടുവെന്നും വരാം. എന്നാൽ എങ്ങിനെയെല്ലാം വ്യത്യാസം വന്നാലും രോഗത്തിന്നു ദോഷങ്ങളെ വിട്ടുസ്ഥിതിയില്ല. ദോഷം കോപിക്കാതെ രോഗമില്ല. കാലാർത്ഥ കർമ്മങ്ങളുടെ സമ്യഗ്യോഗത്തിന്നു വ്യത്യാസം വരാതെ ദോഷം കോപിയ്ക്കുകയുമില്ല. ദൂഷ്യങ്ങൾ ദോഷങ്ങൾക്ക സർവ്വഥാ വിധേയങ്ങളാകയാൽ, ലക്ഷണങ്ങളെ ദോഷങ്ങളോടു ഘടിപ്പിച്ചു രോഗങ്ങളെ വിവരിയ്ക്കുകയാണ് ആചാര്യന്മാർ സാമാന്യമായി ചെയ്തിരിക്കുന്നത്. അതുകൊണ്ട് ദോഷവൈഷമ്യമാണ് രോഗമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദോഷങ്ങളുടെ പ്രാധാന്യം കർമ്മപരമാകയാൽ (functional) രോഗവും മൗലികമായി കർമ്മപരമായ വൈകല്യമാണ് എന്നാണ് ആചാര്യന്മാരുടെ അഭിപ്രായമെന്നു കരുതാവുന്നതാണ്. ദോഷനിരൂപണത്തിന്നും ഔഷധനിരൂപണത്തിന്നും സഹായിക്കുന്നു എന്ന നിലയിലാണ് ദൂഷ്യവിചാരത്തെ (കാലാദികളോടൊപ്പം) നിർദ്ദേശിച്ചിട്ടുള്ളത്. ദോഷവൈഷമ്യം എന്നു പറയുമ്പോൾ, ദൂഷ്യവൈഷമ്യവും അതിൽ അന്തർഭവിച്ചിരിക്കുന്നുവെന്നും പറയാം.

ഈ വിഷയത്തിൽ ഒന്നുരണ്ടു ശാസ്ത്രവാക്യങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനത്തെ ഉപസംഹരിക്കാം. ''രസാദിസ്ഥേഷു ദോഷേഷു വ്യാധയഃ സംഭവന്തിയേ തജ്ജാനിത്യുപചാരേണ താനാഹുർ ഘൃത ദാഹവൽ (സംഗ്രഹം സൂത്രം I) ദോഷങ്ങൾ ദൂഷിച്ച് രസം തുടങ്ങിയ ദൂഷ്യങ്ങളെ ദൂഷിപ്പിച്ചുണ്ടാവുന്ന രോഗങ്ങളെ, രസജം, രക്തജം എന്നിങ്ങനെ പറയുന്നതു ഔപചാരികം മാത്രമാണ്. തിളച്ച നെയ്യുകൊണ്ട് പൊള്ളി എന്നു പറയുംപോലെയാണത്. പൊള്ളിച്ചതു നെയ്യല്ല, നെയ്യിലിരുന്ന അഗ്നിയാണ്. നെയ്യിന്നു സ്വതേ പൊള്ളിക്കാനുള്ള കഴിവില്ല. യഥാവാ കൃത്സ്നമപ്യദഃ വികാരജാതം വിവിധം ത്രീൻഗുണാൻ നാതിവർത്തതേ തഥാ സ്വധാതു വൈഷമ്യ നിമിത്ത മപി സർവ്വദാ വികാര ജാതം ത്രീൻ ദോഷാൻ (ഹൃദയം — സൂ II). പ്രകൃതിയുടെ ഘടകങ്ങളാണ് സത്വം രജസ്സ് തമസ്സ് എന്നീ ഗുണങ്ങൾ. അവയുടെ വൈഷമ്യം കൊണ്ടാണ് സൃഷ്ടിയുണ്ടാവുന്നത്. പ്രപഞ്ചത്തിൽ ഈ കാണപ്പെടുന്ന എല്ലാ വസ്തുക്കളും പ്രകൃതിയുടെ വികൃതിയാകയാൽ, അവയിലെല്ലാംതന്നെ സ്വഭാവത്തിന്നധിഷ്ഠാനമായി, ഏററക്കുറച്ചലോടെ ഈ മൂന്നു ഗുണങ്ങളുമുണ്ടാകും. രൂപത്തിൽ, ഭൗതികമായ ഘടനയിലും മററും എന്തെല്ലാം വ്യത്യാസമുണ്ടെങ്കിലും ഓരോന്നും ഭാവത്തിൽ സത്വാദി ഗുണമയം തന്നെയായിരിക്കുന്നു. അതുപോലെ, രോഗങ്ങളെല്ലാം തന്നെ അതാതിന്നൊത്ത ധാതുക്കളുടെ വൈഷമ്യമാകുന്ന നിമിത്തത്തോടുകൂടിയതാണെങ്കിലും, മൂന്നു ദോഷങ്ങളെ അതിവർത്തിക്കുന്നില്ല. മൂന്നു ദോഷങ്ങൾക്കൊത്തുതന്നെയിരിയ്ക്കുന്നു. ലക്ഷണങ്ങൾ ഓരോ തരത്തിൽ ആവിർഭവിയ്ക്കുന്നതു അതിന്നൊത്ത ധാതുക്കളുടെ വികാരംകൊണ്ടാണെങ്കിലും, ധാതുക്കളുടെ വികാരം എല്ലായ്പ്പോഴും (സർവ്വദാ എന്നതു പ്രധാനം) ദോഷങ്ങളെ ആശ്രയിച്ചുതന്നെയിരിയ്ക്കുന്നു. അതുകൊണ്ട് ശാസ്ത്രലാഘവത്തിന്നും ചികിത്സാസൗകര്യത്തിന്നും വേണ്ടി രോഗത്തെ ദോഷവൈഷമ്യം എന്നുതന്നെ പറയാം. പൂർവ്വഗ്രന്ഥങ്ങളിൽ, ജ്വരാദി രോഗങ്ങളേയും അവയിലെ വാതാദിദോഷങ്ങളുടെ ആധിക്യത്തേയും സാമാന്യേന ലക്ഷണങ്ങളെ ആശ്രയിച്ചാണ് വിവരിച്ചിരിക്കുന്നത്. അതാതു സന്ദർഭത്തിൽ സംഭവിച്ചിരിക്കുന്ന ദൂഷ്യങ്ങളുടെ വികാരത്തെ പ്രാധാന്യേന വിശദീകരിച്ചുകൊണ്ടല്ല. അതുപോലെത്തന്നെ കുഷ്ഠം മുതലായ രോഗങ്ങളെ അതാതു ദൂഷ്യത്തെ ആശ്രയിച്ചു വിവരിച്ചിട്ടുണ്ടെങ്കിലും ചികിത്സയാകട്ടെ ദോഷത്തെ പ്രധാനമാക്കിത്തന്നെയാണ് വിധിച്ചിരി

ക്കുന്നത്. അതാതു ദ്രവ്യത്തെ ആശ്രയിച്ചു അതാതു ദോഷം കോപിക്കുന്നതിനെ പ്രതിപാദിക്കുന്നതും ലക്ഷണങ്ങളെ ആശ്രയിച്ചുതന്നെയാണ്, അപ്പോഴും സംഭവിക്കുന്ന ദ്രവ്യങ്ങളുടെ വികാരത്തെ വിഷയീകരിച്ചല്ല. അതുകൊണ്ട് ആയുർവ്വേദത്തിൽ രോഗം ഘടനാപരമായല്ല (structural) കർമ്മപരമായാണ് (functional) സങ്കല്പിക്കപ്പെട്ടിരിക്കുന്നത് എന്നു സാമാന്യമായി ധരിക്കാവുന്നതാണ്. ദ്രവ്യങ്ങൾ ദേഹത്തിന്റെ ഘടനയെയാണല്ലോ വ്യാഖ്യാനിക്കുന്നത്. ആരോഗ്യത്തേയും കർമ്മപരമായിത്തന്നെ മനസ്സിലാക്കണമെന്നു നിശ്ചയിക്കാം. എന്നാൽ ഘടനാപരമായ ജ്ഞാനം കേവലം നിരുപയോഗമാണെന്നു ഇവിടെ വിവക്ഷയില്ലെന്നു കുറിച്ചുകൊണ്ട് തല്ക്കാലം വിഷയത്തെ ഉപസംഹരിക്കുന്നു. ●

## ‘ധന്വന്തരി’യുടെ പഴയ ലക്കങ്ങളിൽ നിന്ന്

1. ഉപ്പന്റെ (ചകോരപ്പക്ഷിയുടെ) കാഷ്ഠം പച്ചവെള്ളത്തിൽ കലക്കി പുരട്ടിയാൽ കൊഴിഞ്ഞ രോമം മുളക്കുന്നതാകുന്നു.

* * * *

2. ഒരുപലം ആവണക്കില ഇരുന്നാഴി വെള്ളത്തിൽ തിളപ്പിച്ച്, ആ വെള്ളം കൊണ്ട് മാറു കഴുകുന്നതായാൽ പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾക്ക് മുലപ്പാൽ വർദ്ധിക്കുന്നതാകുന്നു.

* * * *

3. ഒരു വെളുത്തുള്ളിയിൽ കുറച്ചു ചുണ്ണാമ്പുവെച്ച് ചതച്ച് നെററിയുടെ രണ്ടററത്തും പൂശി മീതെ ഓരോ കഷ്ണം പുകയില പതിച്ചു വെക്കുന്നതായാൽ ഉടനെ തലവേദന ശമിക്കുന്നതാണെന്നും, അതോടുകൂടി മരുന്നു താഴെ വീഴുന്നതാണെന്നും കാണുന്നു.

* * * *

1921 നവമ്പർ 16–ാംനു

1. ഏതു സംഗതിയിലെങ്കിലും അധികനേരം നില്ക്കുന്ന ബോധക്ഷയത്തിൽ മൂന്നോ നാലോ മണിക്കൂർ കൂടുമ്പോഴും മൂത്രാശയം ഒഴിവാക്കണമെന്ന സംഗതി ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

* * * *

2. അകാലത്തിൽ നരക്കുന്നതിനുള്ള കാരണം സാധാരണയായി മനസ്സിനുള്ള അധികമായ അസ്വാസ്ഥ്യമോ, കണക്കിൽനിന്നു കവിഞ്ഞുള്ള മനസ്സിന്റെ അദ്ധ്വാനമോ ആണെന്ന് ചിലർ തീർച്ചപ്പെടുത്തിയിരിക്കുന്നു.

1910 ജൂൺ 15–ാംനു

*Aryavaidyan, Vol. 1, No. 2, November 1987 (139–147)*

# പ്രഭാവം അചിന്ത്യമോ ?

## പി. ആർ. വാരിയർ

ശരീരത്തിനാകെയും വിവിധ ശരീരഭാഗങ്ങൾക്കും ബാഹ്യലോകത്തിലെ വിവിധ ദ്രവ്യങ്ങളുമായുള്ള നാനാമുഖമായ സമാനത്വം കണ്ടെത്തുകയാവണം ഒരു ദ്രവ്യത്തിന്റെ വിശിഷ്ടകർമ്മം (പ്രഭാവം). അറിയാനുള്ള, ആനുമാനികമായ മാർഗം എന്നും ''വൃദ്ധിസ്സമാനൈഃ സർവ്വേഷാം'' എന്ന സൂത്രവാക്യശകലം ഈ നിഗമനത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണെന്നും സൂചിപ്പിക്കുവാനേ ഈ ലേഖനംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളു.

ഔഷധമായോ ആഹാരമായോ മററു വല്ല പ്രകാരത്തിലോ ഉപയോഗിക്കാവുന്ന, വിവിധങ്ങളായ നിരവധി ദ്രവ്യങ്ങളുണ്ട് ലോകത്തിൽ. ഇവയുടെ രൂപധർമ്മ വൈവിധ്യത്തിനും പ്രയോജനഭേദങ്ങൾക്കുമെല്ലാം പ്രധാന കാരണം അവയുടെ ഘടനകളിലുള്ള സവിശേഷതകളാണ്. ഓരോ ദ്രവ്യത്തിന്റെ ഘടനക്കും സവിശേഷതയുണ്ട്. രണ്ടു ദ്രവ്യങ്ങളുടെ ഘടനകൾ തമ്മിൽ സമാനങ്ങളാവാം; വ്യത്യസ്തങ്ങളാകാം. തദനുസാരം അവയുടെ ധർമ്മങ്ങളും പരസ്പരം സമാനങ്ങളോ വ്യത്യസ്തങ്ങളോ വിരുദ്ധങ്ങൾ തന്നെയോ ആവാം. ഏതായാലും അതൊക്കെ കണ്ടറിഞ്ഞ് ഉപയോഗിച്ചാൽ, എങ്കിൽ മാത്രം, എല്ലാ ദ്രവ്യങ്ങളും, ഒരു നിലയ്ക്കല്ലെങ്കിൽ മറെറാരു നിലയ്ക്ക് നമുക്ക പ്രയോജനപ്പെടും. എങ്ങിനെയാണ് ദ്രവ്യത്തിന്റെ ഘടനാധർമ്മങ്ങൾ നിർണ്ണയിക്കുക?

രസം, വീര്യം, വിപാകം, പ്രഭാവം— ഈ നാലെണ്ണമാണ് ആയുർവ്വേദ ശാസ്ത്രപ്രകാരം ഒരു ദ്രവ്യത്തിലെ ക്രിയാക്ഷമങ്ങളായ, ധർമ്മനിർണ്ണായകങ്ങളായ ഘടകങ്ങൾ. ഈ നാലും ദ്രവ്യനിഷ്ഠങ്ങളാണ്. ഇവയെ ആസ്പദിച്ചാണ് ആയുർവ്വേദത്തിൻ ദ്രവ്യധർമ്മങ്ങളെപ്പററിയുള്ള വ്യവഹാരം. ഈ നാലിനുമുണ്ട് പ്രത്യേക ധർമ്മങ്ങൾ.



പി. ആർ. വാരിയർ

ഈ ധർമ്മങ്ങളും പരസ്പരം സമാനങ്ങളാവാം, വ്യത്യസ്തങ്ങളാവാം. ചിലപ്പോൾ വിരുദ്ധങ്ങൾതന്നെയാവാം. എങ്ങിനെയായാലും ഇവയുടെ ആകെ തുകയാണ് ഒരു ദ്രവ്യത്തിന്റെ ധർമ്മമോ, ധർമ്മങ്ങളോ ആയി വ്യവഹരിക്കപ്പെടുന്നത്.

രസം, വീര്യം, വിപാകം, പ്രഭാവം എന്നിവയിൽ രസം ആറ് വിധമാണ്. മധുരം, പുളി, ഉപ്പ്, കയ്പ്, എരുവ്, ചവർപ്പ്. ഇവയ്ക്കോരോന്നിനും വെവ്വേറെ നിയതധർമ്മങ്ങളുണ്ട്. ഒരേ ദ്രവ്യത്തിൽ ഒന്നോ, ഒന്നിലധികമോ രസങ്ങൾ ഉണ്ടാവാം. ഇവയുടെ ധർമ്മങ്ങൾ ദ്രവ്യം നാവിൽ സ്പർശിക്കുമ്പോൾ ശരീരത്തിനു ലഭിക്കുന്നു. ''വീര്യം'' പ്രധാനത്തിൽ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു: ഉഷ്ണം—ശീതം. ഇതിന്റെ ധർമ്മങ്ങൾ ദ്രവ്യാംശം രക്തത്തിലെത്തിയശേഷം രക്തസഞ്ചാര പദ്ധതിയിലൂടെയാണ് ശരീരത്തിനു കിട്ടുന്നത്. 'വിപാകം' ജാഠരാഗ്നി (ദഹന രസ) സംയോഗംകൊണ്ട് വിപരിണാമം കഴിഞ്ഞ ''രസമാണ്''. വിപാകത്തിൽ മധുരംതന്നെയായും ലവണം മധുരമായും അമ്ലം അമ്ലം തന്നെയായും വർത്തിക്കുന്നു. കയ്പ്, എരുവ്, ചവർപ്പ് എന്നിവ പ്രായേണ എരിവുരസമായിതന്നെ നിൽക്കുന്നു. സാമാന്യേന രസത്തേക്കാൾ കാര്യക്ഷമമാണ് വിപാകരസം. രസവും വിപാകവും ഒന്നുതന്നെയായി വരുന്ന സന്ദർഭത്തിൽ (ഉദാ: മധുരം, എരുവ്, പുളി ഇവ വിപാകത്തിൽ മറ്റൊന്നാവില്ല.) അവയുടെ സംയുക്തകർമ്മം കൂടുതൽ കാര്യക്ഷമമാകുന്നു. രക്തസഞ്ചാര പദ്ധതിയിലൂടെ പ്രവർത്തിക്കുന്ന വീര്യം വിപാകത്തേക്കാൾ കാര്യക്ഷമമാണ്. ഗുരു, സ്നിഗ്ധം, ഹിമം, മൃദു, ലഘു, രൂക്ഷം, ഉഷ്ണം, തീക്ഷ്ണം എന്നിങ്ങനെ വീര്യം എട്ടു വിധത്തിലുണ്ടെന്നു ഒരു പക്ഷവുമുണ്ട്. ഒരു ദ്രവ്യത്തിൽ നിഷ്ഠങ്ങളായ ഈ ഗുണങ്ങൾക്കും രസവിപാകങ്ങൾക്കും സമാനത്വം ഉണ്ടാവുകയാണെങ്കിൽ, തൽഫലമായുണ്ടാവുന്ന ദ്രവ്യധർമ്മത്തിന് ഏകാഗ്രത കൂടിയിരിക്കും. മറിച്ച് ധർമ്മങ്ങൾ വ്യത്യസ്തങ്ങളാണെങ്കിൽ മേല്പറഞ്ഞ ക്രമത്തിൽ ബലാധിക്യമുള്ള ഘടകധർമ്മങ്ങളായിരിക്കും ദ്രവ്യധർമ്മങ്ങളെ നിയന്ത്രിക്കുക.

രസവീര്യ വിപാകങ്ങളുടെ ഉപവിഭാഗങ്ങളേയും കർമ്മസ്വഭാവത്തേയും മററും പററിയുള്ള വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നില്ല. ഈ ഘടകങ്ങളിൽ നാലാമത്തേതായ 'പ്രഭാവം' ആണ് ലേഖന വിഷയം. ഒരു ദ്രവ്യത്തിന്റെ പ്രത്യേക ധർമ്മത്തെക്കുറിച്ചുള്ള അവസാന വിധിയെഴുതുന്ന ഘടകം പ്രഭാവമാണ്.

''രസം വിപാകസ്തൗ വീര്യം
പ്രഭാവസ്താൻ വ്യപോഹതി''

അതു തന്നെയാണ് ഏററവുമധികം മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതും. തെററിദ്ധരിക്കപ്പെട്ടേക്കാവുന്നതും. ഇതിനെപ്പററി ശരിയായ ഒരു ബോധം ചർച്ചചെയ്തുണ്ടാക്കേണ്ടതുണ്ട്. അതിൽ ഒരു പങ്ക് ഞാൻ നിർവ്വഹിക്കുന്നു എന്നു മാത്രം

എന്താണീ''പ്രഭാവം? സ്വതവേ, വീര്യം, പ്രഭാവം എന്നിവയ്ക്ക് ഏറെക്കുറെ ഒരേ അർത്ഥംതന്നെയാണുള്ളത്. പക്ഷേ, ഒരു സാങ്കേതികശബ്ദം എന്ന നിലയിൽ വൈദ്യശാസ്ത്രത്തിൽ വ്യവഹാരസൌകര്യത്തിനായി ഇതിന് ഒരു പ്രത്യേകാർത്ഥം കല്പിച്ചിരിക്കുന്നു. ഒരു ദ്രവ്യം ശരീരത്തിൽ സാർവ്വത്രികമായി (രക്തസഞ്ചാരപദ്ധതിയിലൂടെ) നടത്തുന്ന ചില സാമാന്യധർമ്മങ്ങളെയാണ് ''വീര്യ''ശബ്ദം പ്രതിനിധാനം ചെയ്യുന്നത്. ''പ്രഭാവം'' ദ്രവ്യത്തിന്റെ ചില വിശിഷ്ട ധർമ്മങ്ങളെ ഉദ്ദേശിച്ച് പ്രയോഗിക്കപ്പെടുന്ന ഒരു ശബ്ദമാണ്. ''എന്താണ്'' പ്രഭാവത്തിന്റെ ശരിക്കുള്ള നിർവ്വചനം?

''രസാദി സാമ്യേയത് കർമ്മ
വിശിഷ്ടം തത് പ്രഭാവജം''
(അഷ്ടാംഗഹൃദയം)

''വിശേഷ കർമ്മണാം ചൈവ
പ്രഭാവസ്തസ്യ ച സ്മൃതഃ
(ചരകം)

അതായത് രസം, വീര്യം, വിപാകം എന്നിവയ്ക്ക് സാമ്യമുണ്ടായിരിക്കെ, ഒരു ദ്രവ്യം വിശിഷ്ടമായ കർമ്മം ചെയ്യുന്നുവെങ്കിൽ, ആ കർമ്മത്തിന് കാരണമായിട്ടുള്ളതിനെയാണ് ''പ്രഭാവം'' എന്ന് വിളിക്കുന്നത്. അപഗ്രഥനംകൊണ്ട് രണ്ടു ദ്രവ്യങ്ങളുടെ രസവിപാകവീര്യങ്ങൾ സമാനങ്ങളായി കാണുന്നുവെന്നു വെയ്ക്കുക. അപ്പോൾ, രണ്ടിന്റെയും ധർമ്മങ്ങളും സമാനങ്ങളാവില്ലേ? ഇല്ല. അങ്ങിനെ പറയാറില്ല. അവയിലൊന്ന് മറ്റേതിനില്ലാത്ത ഒരു പ്രത്യേക ധർമ്മം ചെയ്യുന്നതായി അനുഭവംകൊണ്ടറിയുന്നുവെങ്കിലോ? അങ്ങിനെ വരുമോ? വരുമെന്നതിന് ഉദാഹരണങ്ങളുണ്ട്.

''ദന്തീരസാദ്യൈസ്തുല്യാപി
ചിത്രകസ്യ വിരേചനീ
മധുകസ്യ ച മൃദ്വീകാ
ഘൃതം ക്ഷീരസ്യ ദീപനം''

നാഗദന്തിയും, കൊടുവേലിക്കിഴങ്ങും, രസാദികളുടെ കാര്യത്തിൽ തുല്യങ്ങളാണ്. പക്ഷേ, നാഗദന്തിക്ക വയറിളക്കുക എന്നൊരു പ്രത്യേക ധർമ്മമുണ്ട്. മുന്തിരിങ്ങ, ഇരട്ടിമധുരം ഇവയും രസാദികളെക്കൊണ്ട് തുല്യങ്ങളാണ്. പക്ഷേ മുന്തിരിങ്ങയ്ക്ക് മലശോധനയുണ്ടാക്കാനുള്ള ഒരു പ്രത്യേക ശക്തിയുണ്ട്. നെയ്യും പാലും രസാദികളെക്കൊണ്ട് തുല്യങ്ങളാണെങ്കിലും നെയ്യിന് ദീപനത്വവും പാലിന് വിരേചനകാര്യത്വവും പ്രത്യേക ധർമ്മങ്ങളായുണ്ട്, കഴിഞ്ഞില്ല:

''സ്വാദുർഗ്ഗുരുശ്ച ഗോധൂമോ
വാതജിത് വാത കൃദ്യവഃ''

മാധുര്യവും, ഗുരുത്വവും ഗോതമ്പിനും യവത്തിനുമുണ്ട്. എങ്കിലും ഗോതമ്പ് വാതഹരവും യവം വാതകൃത്തുമാണ്.

ഇങ്ങിനെ നോക്കുമ്പോൾ ഏതു ദ്രവ്യത്തിനും ചില വിശിഷ്ട കർമ്മങ്ങൾ ഉണ്ടാവില്ലേ? ഉവ്വ്. അനുഭവം കൊണ്ട്, പ്രത്യക്ഷഫലദർശനം കൊണ്ട്, മാത്രമേ അവയെ തികച്ചും നിർണ്ണയിക്കാൻ, അല്ലെങ്കിൽ തിരിച്ചറിയാൻ കഴിയൂ എന്നല്ലേ വന്നുകൂടുന്നത്? അതേ. അതുകൊണ്ടാകെത്തന്നെയാവണം പ്രഭാവം ''അചിന്ത്യ''മാണെന്ന് ഒരാചാര്യൻ പറഞ്ഞു പോയത്.

''പ്രഭാവോഽചിന്ത്യ ഉച്യതെ''

(സുശ്രുതൻ)

തർക്കത്തിനോ, വലിയ അന്വേഷണത്തിനോ ഒന്നും പോയിട്ടു കാര്യമില്ല. ആധികാരികഗ്രന്ഥങ്ങളിൽ ഇന്നിന്ന ഫലങ്ങളുണ്ടെന്ന് സുപ്രസിദ്ധങ്ങളായി കാണുന്ന അതാതു ദ്രവ്യങ്ങളെ വിശ്വസിച്ച് സ്വീകരിക്കുകയേ ''വിചക്ഷണ''നായ വൈദ്യൻ ചെയ്യേണ്ടതുള്ളൂവെന്നുവരെ ഊന്നിപ്പറഞ്ഞുവെക്കാൻ അദ്ദേഹം വിട്ടുപോയിട്ടില്ല നോക്കുക:

അമീ മാംസ്യാനി ചിന്ത്യാനി
പ്രസിദ്ധാനി സ്വഭാവതഃ
ആഗമേനോപയോജ്യാനി
ഭേഷജാനി വിചക്ഷണൈഃ''

(സു സൂ).

ലക്ഷണഫലങ്ങൾ പ്രത്യക്ഷദർശനംകൊണ്ടു പ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള ദ്രവ്യങ്ങളെ വിദ്വാന്മാർ ''കാരണ''ങ്ങളെക്കൊണ്ടു പരീക്ഷിച്ചു നോക്കരുതെന്നു തന്നെ ഊന്നി പറയുന്നു.

''പ്രത്യക്ഷ ലക്ഷണ ഫലാഃ
പ്രസിദ്ധാശ്ച സ്വഭാവതഃ
നൌഷധീ ഹേതുഭിർവിദ്വാൻ
പരീക്ഷേത കഥംചന''

(സുശ്രുതൻ)

എന്തുകൊണ്ട് എങ്ങിനെയെന്നൊന്നും ചോദിക്കരുത് എന്നർത്ഥം!

ലാഘവബുദ്ധിയോടെ എങ്ങിനെയെങ്കിലും എടുത്തു പെരുമാറേണ്ട ഒരു വിഷയമല്ല ഇത് എന്ന് ചൂണ്ടിക്കാണിക്കാൻ മാത്രം ആചാര്യൻ ഇങ്ങിനെ ഊന്നി

പ്പറഞ്ഞതാണെന്നു മാത്രം ധരിച്ചാൽ മതി. ചിന്തിക്കുന്നതിന്ന്, ഉറക്കെ ചിന്തിക്കുന്നതിന്ന്, സ്വതവേ അദ്ദേഹം വിരോധിയല്ലായെന്ന് നമുക്കറിഞ്ഞുകൂടേ? പറയുന്നതിന്റെ പൊരുൾ മനസ്സിലാക്കിയാൽ മതി; അല്ലാതെ, അവയെ അക്ഷരാർത്ഥത്തിൽ അനുസരിക്കുകയാണെങ്കിൽ ആ വഴിക്കുള്ള ഹേതു ചിന്തയുടേയും വിവേചനബുദ്ധിയുടേയും പ്രവർത്തനങ്ങൾ ക്രമത്തിൽ കുമ്പടഞ്ഞുപോകുകയില്ലേ? അതു പാറില്ല. ''അചിന്ത്യം'' ''ചിന്ത്യമാ''ക്കുകതന്നെ വേണം. ഇന്ന ഒരു ദ്രവ്യത്തിന്ന് ഇന്ന ഒരു വിശിഷ്ട കർമ്മം എങ്ങിനെയുണ്ടായി എന്നൊരു ചോദ്യത്തിന്ന് ''പ്രഭാവം''കൊണ്ട് എന്നൊരുത്തരം മാത്രമുണ്ടായാൽ പോരാ. ഈ ചെറിയ ഒരുത്തരം ആ വലിയ ഒരു ചോദ്യത്തിന്ന് പൂർണ്ണവിരാമമിട്ടുകൂടാ. അങ്ങിനെയാണെങ്കിൽ, രസം, വീര്യം, വിപാകം എന്നിവയൊക്കെ തിരിച്ചറിയാൻ മിനക്കെട്ടതൊക്കെ നിഷ്ഫലമല്ലേ? ഏതു ദ്രവ്യത്തിന്റേയും പ്രത്യേകധർമ്മം ''അചിന്ത്യ''മാണെങ്കിൽ പറയുവാൻ എളുപ്പം കൂടും. രസവീര്യവിപാകങ്ങളെപ്പററി ചിന്തിച്ച് അവയ്ക്കും ത്രിദോഷങ്ങൾക്കും തമ്മിലുള്ള ബന്ധങ്ങളും അതിന്നുള്ള കാരണങ്ങളും മററും ഏറെക്കുറെ വ്യക്തമായി പ്രതിപാദിക്കാൻ കഴിഞ്ഞിരിക്കെ, പ്രഭാവം മാത്രം എങ്ങിനെ 'അചിന്ത്യ'മായി? ജാഠരാഗ്നി സംയോഗത്തിന്നുശേഷം, 'പരിണാമാന്ത'ത്തിൽ വിപാകരസത്തേയും, രക്തത്തിൽ പ്രവർത്തിക്കുന്ന വീര്യത്തേയും ഇന്നതെന്ന് തിരിച്ചറിയുന്നതെങ്ങിനെ? എങ്ങിനെയായാലും, ആ വഴിയ്ക്ക് വിശിഷ്ട കർമ്മത്തെ അറിയാനും പരിശ്രമിച്ചുകൂടെ?

ഒന്നു തീർച്ചയാണ്: പല ദ്രവ്യങ്ങളുടെയും വിശിഷ്ട കർമ്മങ്ങൾ കൂടി അറിയാതെ അവയെ പ്രയോഗിച്ചുകൂടാ. ശാസ്ത്രത്തിൽ ഒരേ ദ്രവ്യത്തിന്ന് തന്നെ പല ധർമ്മങ്ങളും പറഞ്ഞുകാണും. ചിലപ്പോൾ വിരുദ്ധസ്വഭാവമുള്ള ഒന്നിലധികം ദോഷവൈഷമ്യത്തിൽ ഫലപ്രദമാണ് ഒരു ദ്രവ്യം എന്നു പറയും. മുതിരയുടെ ധർമ്മങ്ങൾ പറയുന്നേടത്ത് ''കാസാർശഃ കഫ വാതാംശ്ച ഹന്തി'' എന്നും കാണാം. വിരുദ്ധഗുണമുള്ള വാതകഫങ്ങളെ അത് ക്ഷയിപ്പിക്കുമത്രെ. ''സർവ്വദോഷഘ്നീ ജീവന്തീ മധുരാഹിമാഃ'' എന്നു കാണുന്നു. അതാതിന്റെ രസവീര്യവിപാകങ്ങൾക്ക് അനുഗുണമായ ധർമ്മങ്ങൾ മാത്രമുള്ള ദ്രവ്യങ്ങളെ എടുത്തുപയോഗിക്കാൻ എളുപ്പമുണ്ട്. ഒരു ദ്രവ്യം കടുരസവും ഉഷ്ണവീര്യവുമാണെന്നും, ശരീരത്തിൽ ദാഹമുണ്ടാക്കുന്നുവെന്നും കണ്ടാൽ ആ ദ്രവ്യം ഉഷ്ണം കൊണ്ടുണ്ടാകാവുന്ന രോഗങ്ങളെ ഉണ്ടാക്കുമെന്നും, തണുപ്പുകൊണ്ടുണ്ടാകുന്നവയെ ശമിപ്പിക്കുമെന്നും പറയാൻ സാമാന്യേന ശങ്കിക്കേണ്ടതില്ല. എന്നാൽ കടുക്കങ്ങളായ ദ്രവ്യങ്ങളിൽ ചിലവ, ശരീരത്തിൽ പൊതുവെ ഒരു നിലയിലും ചില പ്രത്യേക സ്ഥലങ്ങളിൽ പ്രത്യേക നിലയിലും ആണ് ഉഷ്ണവീര്യധർമ്മങ്ങൾ നടത്തുകയെന്നുവന്നാൽ? ഒരേ ദ്രവ്യം ഒന്നിലധികം ഭാഗങ്ങളിൽ പ്രത്യേക ധർമ്മം കാണിച്ചുവെന്നു വരില്ല. ഏതായാലും, ഇങ്ങിനെ ചില പ്രത്യേക ഭാഗങ്ങളിൽ പ്രത്യേക ധർമ്മം നടത്തുന്ന ദ്രവ്യങ്ങളാണ് രോഗോല്പാദകങ്ങളോ, രോഗനാശകങ്ങളോ ആയി കാണുക. സാമാന്യേന ഉറുമാമ്പഴത്തോട്, പുളിയാരൽ, കുവളത്തിൻ വേർ, ഇവയുടെ ബന്ധനശക്തി ശരീരമാകെ വ്യാപിക്കുമെങ്കിലും കടലുകളിലാണ് അത് അധികവും പ്രവർത്തിക്കുക. അതുകൊണ്ട് അതിസാരത്തിൽ ഇവയുടെ ഫലം വളരെ അനുഭവപ്പെടുന്നു. ഇതുപോലെ നാഗദന്തി, വാസ്തുകം (വസ്തുച്ചീര), ത്രികോൽപ്പക്കൊന്ന മുതലായവയുടെ ''സരത്വം'' സാർവ്വശരീരമാകുമെങ്കിലും കടലിലാണ് പ്രത്യേകമായി പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവ വയറിളക്കാൻ പ്രയോജനപ്പെടുന്നു. ദ്രവ്യനിഷ്ഠങ്ങളായ ഗുണങ്ങൾ വീര്യതേന ശരീരം മുഴുവൻ വ്യാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യാതിരിക്കുന്നില്ല. എങ്കിലും ചില പ്രത്യേക ശരീരഭാഗങ്ങളിൽ പ്രത്യേകമായി പ്രവർത്തിക്കുന്നുവെന്നു മാത്രം. മേൽപറഞ്ഞ ഉദാഹരണങ്ങളിൽ ക്രമത്തിൽ സ്ഥിരം സരം എന്നീ രണ്ടു പ്രഖ്യാതവിപരീത ഗുണങ്ങൾ കടലിൽ പ്രത്യേകമായി പ്രവർത്തി

ക്കുന്നതു കാണാം. എന്നാൽ ചില സന്ദർഭത്തിൽ ഈ പ്രത്യേക ധർമ്മങ്ങൾ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ട്. ത്രികടു (ചുക്ക്, മുളക്, തിപ്പലി) അതിസ്ഥൌല്യത്തെ കുറക്കും, അഗ്നിമാന്ദ്യം, ചുമ, ശ്ലീപദം, നാസാശ്ലേഷ്മധരാകലാപാകം (പീനസം) ഇവയിലും നന്ന്. എന്നാൽ ഇവയിലേതിലാണ് പ്രത്യേകം ഫലപ്രദമാകുന്നത്? തവിഴാമ, ശോഫം, ഉദരം, രക്തക്ഷയം, അർശ ഇവയിലെല്ലാം പൊതുവെ നന്ന്. (കഫവാതങ്ങളെ ക്ഷയിപ്പിക്കുകയും ചെയ്യും). എന്നാൽ ഇവയിൽ ഏതിലാണ് ഇതിനു പ്രാമുഖ്യം? ആടലോടകം; ചുമ, രക്തപിത്തം, ഛർദ്ദി, ഏക്കം, മുതലായി പലതിലും വളരെ നന്ന്. എന്നാൽ, ഇവയിൽ ഏതിലാണ് ഇതേററവും അധികം ഉപയോഗപ്പെടുന്നത്? ഇതുപോലെ തുളസി, കടുക്ക, ത്രിഫല, ദശമൂലം തുടങ്ങിയവക്ക് ഒക്കെ അസംഖ്യേയങ്ങളായ ഗുണധർമ്മങ്ങൾ ഫലശ്രുതിയിൽ കാണാം. ഇവയിൽ ഏതെങ്കിലും, ഒന്നു മതി ഇക്കാണായ രോഗങ്ങളെ ഒക്കെ ചികിത്സിക്കാൻ എന്ന് തോന്നിപ്പോകും ഫലശ്രുതി കണ്ടാൽ. ഇവയുടെ ആ വിപുലമായ ഗുണധർമ്മസാമ്രാജ്യത്തിൽനിന്ന് ഓരോന്നിൻെറയും വിശിഷ്ടകർമ്മം എങ്ങിനെ കണ്ടറിയും? ഇതിനായി ചില സാമാന്യതത്വങ്ങളില്ലെങ്കിൽ ഈ ഔഷധങ്ങളെ എങ്ങിനെ ഏററവും നല്ല നിലയിൽ ഉപയോഗപ്പെടുത്തും. ഒരു ദ്രവ്യം അതിൻെറ ഫലശ്രുതിയിൽ പറയുന്ന എല്ലാ രോഗങ്ങളിലും ഒരുപോലെ, ഫലപ്രദമാകുമെന്നു കരുതുന്നത് ശരിയാകുമോ?

ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കാം. രോഗം എന്നുവെച്ചാൽ ''ദോഷവൈഷമ്യമാണ്'': ചികിത്സയുടെ ഉദ്ദേശം ''ദോഷസാമ്യം'' വരുത്തലുമാണ്. അപ്പോൾ ഓരോ ദ്രവ്യത്തിൻെറയും ദോഷസമീകരണപരമായ ഗുണങ്ങളെ മാത്രം ആശ്രയിച്ച് ചികിത്സിച്ചുകൂടെ? രോഗം ഏതെല്ലാം ലക്ഷണങ്ങളിൽ കൂടെ പ്രകടമായിരുന്നാലും മൌലികമായ ദോഷസാമ്യം വന്നാൽ രോഗശമനമുണ്ടാവില്ലേ? ശരിയാണ്. പക്ഷേ ഇവിടെ പലതുമുണ്ട് ആലോചിക്കാൻ. ത്രിദോഷവൈഷമ്യമാണ് രോഗം എന്ന് സാമാന്യമായി പറയാമെന്നത് ശരി. അതുകൊണ്ട് ഒരു പ്രത്യേക രോഗം (പ്രമേഹം, അർശസ്സ്, ഗ്രഹണി) ഇത്യാദി ഉണ്ടാകണമെങ്കിൽ ദോഷവൈഷമ്യവും ഒരു സവിശേഷരൂപത്തിൽ സംഭവിച്ചിരിക്കണം. ഈ പ്രത്യേകമായ ദോഷവൈഷമ്യത്തിന് ഒരു പ്രത്യേകതരം മരുന്ന് വേണ്ടിവരുമെന്ന് പറയേണ്ടതില്ല. ശരീരത്തിൽ ഒരു ദോഷത്തിൻെറ സാർവ്വത്രികമായ വൈഷമ്യം കൊണ്ട് പല രോഗങ്ങളും ഉപദ്രവങ്ങളും ഉണ്ടാകാം എന്നത് ശരി. അവയുടെയൊക്കെ ലക്ഷണങ്ങൾ അന്യോന്യാശ്രയികളും അത്യന്ത സാമാന്യങ്ങളും ആയിരിക്കുന്നേടത്തോളം പൊതുവെ ദോഷസാമ്യം ഉണ്ടാകുന്ന ഔഷധമോ ഔഷധങ്ങളോ ഉപയോഗിച്ചാൽ മതി എന്നതും ശരി. കഫദുഷ്ടി ഉണ്ടാകുകയും അതിൻെറ സാമാന്യലക്ഷണങ്ങൾ—ചുമ, ഏക്കം, അരുചി, ഛർദ്ദി, മാന്ദ്യം മുതലായവ—എല്ലാം പ്രത്യക്ഷപ്പെടുകയും ചെയ്യുവെന്നിരിക്കട്ടെ; കഫദുഷ്ടിയെ പരിഹരിക്കാനുള്ള ഒരു സാമാന്യ ഔഷധം പ്രയോഗിച്ചാൽ ഈ ഉപദ്രവങ്ങളെല്ലാം ക്രമത്തിൽ തിരോഭവിച്ചു എന്നു വരും. ഒരേ ഔഷധം ശരീരത്തിൽ പല ഭാഗത്തും ഒപ്പം പ്രവർത്തിക്കുന്നതിന് ഉദാഹരണമായി ഇതിനെ പരിഗണിക്കാം. ഇതൊരു കാരണ ചികിത്സയാണ്. പക്ഷേ, എപ്പോഴും ചികിത്സാസൗകര്യത്തെയും മററും മുൻനിറുത്തിയല്ല രോഗത്തിൻെറ വരവ്. പ്രാദേശികമായിട്ട കഫദുഷ്ടിയുള്ളവെങ്കിലോ? ചുമയുണ്ട്, ഏക്കമില്ല. അല്ലെങ്കിൽ മാന്ദ്യമുണ്ട്. ഏക്കമില്ല. ഏക്കമുണ്ട് ചുമയില്ല. അഥവാ മാന്ദ്യമല്ലാതെ മററു മേല്പറഞ്ഞ ഉപദ്രവങ്ങളൊന്നുമില്ല. ഇങ്ങിനെയൊക്കെ വരാമല്ലോ. അപ്പോൾ ഒരു സാമാന്യ കഫശമന ഔഷധം മാത്രം പ്രയോഗിച്ചാൽ രോഗഗ്രസ്തമായ സ്ഥലത്തു ദോഷവൈഷമ്യം നീങ്ങുമെങ്കിലും മററു ഭാഗങ്ങളിൽ സ്വസ്ഥാവസ്ഥയിൽ വർത്തിക്കുന്ന കഫാംശത്തിൻെറ ക്ഷയം കൂടി സംഭവിക്കില്ലേ? അതു മറെറാരു അസ്വാസ്ഥ്യ

ത്തെ ക്ഷണിച്ചുവരുത്തലല്ലേ? ഇങ്ങിനത്തെ സന്ദർഭങ്ങളിലാണ്, ഒരു പ്രത്യേക ഭാഗത്ത് പ്രത്യേക കർമ്മം ചെയ്യുന്ന ഔഷധങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിക്കേണ്ടിവരുന്നത്.

പ്രത്യേക ഭാഗങ്ങളിൽ പ്രത്യേക കർമ്മം നടത്തുന്ന ദ്രവ്യങ്ങൾ വേണമെന്നതുപോലെത്തന്നെ, പ്രത്യേക രോഗങ്ങളിൽ പ്രത്യേക കർമ്മങ്ങൾ നടത്തുന്നവയും വേണം. ഒരു രോഗത്തിന്നു അനേകലക്ഷണങ്ങൾ ഉണ്ടാകാം. ഒരിക്കൽ രോഗമാകുന്ന ഒന്ന് മറ്റൊരു സന്ദർഭത്തിൽ കേവലം ലക്ഷണമാണെന്നു വരും. അങ്ങിനത്തെ ലക്ഷണങ്ങളിൽ ഒന്നുതന്നെ ചിലപ്പോൾ ക്രമത്തിൽ രോഗരൂപം കൈക്കൊണ്ടുവെന്നു വരും. പനിയാണ് രോഗമെന്നിരിക്കട്ടെ; അതിസാരം, വയറുവേദന, ചുട്ടുനീറൽ മുതലായ ഉപദ്രവങ്ങൾ ഉണ്ടെന്നും കരുതുക; മറ്റേതു ഗുണങ്ങളുണ്ടായാലും പനിക്കുകൂടി പററുന്ന ഒരു ഔഷധമാണ് ഇവിടെ പ്രയോഗിക്കേണ്ടത്. അല്ലെങ്കിൽ വല്ല ഉപദ്രവത്തിനും ഒരു താൽക്കാലിക ശാന്തി കിട്ടിയെന്നേ വരൂ. ചിലപ്പോൾ അതിസാരമായിരിക്കും രോഗം. പനി മുതലായവ അതിന്റെ ഉപദ്രവങ്ങളും. ഇവിടെ മേൽപറഞ്ഞ കേസിൽ കൊടുത്ത മരുന്നുതന്നെ ഏതെല്ലാം ഉപദ്രവങ്ങൾക്ക് അതിൽ ശമനം കിട്ടി എന്നു മാത്രം നോക്കി പ്രയോഗിച്ചാൽ അത്ര ഫലിക്കയില്ല. അതിസാരത്തിന്നു പ്രത്യേകിച്ചും ഫലം ചെയ്യുന്ന മരുന്നുതന്നെ വേണം. ഇതൊക്കെ നമ്മുടെ ആചാര്യന്മാർ നല്ലപോലെ അറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെയാണ് ഒരേ മരുന്നിന്നു തന്നെ പല രോഗങ്ങളിലും ഫലം പറയുന്നുണ്ടെങ്കിലും വ്യത്യസ്ത രോഗങ്ങൾക്കായി നിരവധി യോഗങ്ങളും ഒററമരുന്നുകളും, ''അഗ്ര്യൗഷധ''ങ്ങളുമെല്ലാം നിർദ്ദേശിച്ചിട്ടുള്ളതും. ഒരേ രോഗത്തിൽ തന്നെ ചില പ്രത്യേക ദേഹപ്രകൃതിക്കനുസരിച്ചും പ്രത്യേക ഘട്ടങ്ങളിലായും ഉപയോഗിക്കുവാൻ പ്രത്യേക ധർമ്മങ്ങൾ ഉള്ള മരുന്നുകൾ പറയുന്നില്ലേ? ചില സാമാന്യതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ലാതെ എങ്ങിനെയാണ് ഇവയൊക്കെ അവർ കണ്ടറിഞ്ഞത്?

അപ്പോൾ ദ്രവ്യങ്ങളുടെ വിശിഷ്ടകർമ്മങ്ങൾ (പ്രഭാവങ്ങൾ) കണ്ടറിയാനുള്ള ചില സാമാന്യതത്വങ്ങൾ ആചാര്യന്മാർക്കറിവുണ്ടായിരുന്നുവെന്നുവേണം വിചാരിക്കാൻ. പിന്നെ എന്തിനാണ് ''അമീമാംസ്യാന്യ ചിന്ത്യാനി'' ''പ്രഭാവോഽചിന്ത്യ'' എന്നൊക്കെ സുശ്രുതൻ പറഞ്ഞത്? ഞാൻ ആദ്യം പറഞ്ഞപോലെ ലാഘവബുദ്ധിയോടെ കൈകാര്യംചെയ്തു പോകരുതെന്ന് ഒരു താക്കീതു മാത്രമാണിത്.

എന്താണ് വഴി?

രസം, വീര്യം, വിപാകം എന്നിവ ഇന്നിന്നവയാണെന്നു പറയാൻ ഉള്ളപോലെ, ഓരോ ദ്രവ്യത്തിന്റെയും വിശിഷ്ടധർമ്മങ്ങൾ അറിയാനും വല്ല സാമാന്യനിയമവും ഉണ്ടോ? രസം, വീര്യം, വിപാകം മുതലായവയെ ചിന്തിച്ചോ, ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ആധുനിക രീതിയിലോ, ഒരു ദ്രവ്യത്തെ അപഗ്രഥിച്ച് അതിലെ മൗലികഘടകങ്ങൾ ഏവയെല്ലാം എത്രയെല്ലാം എന്നൊക്കെ അറിയുന്നതുകൊണ്ട്, ആ ദ്രവ്യത്തിന്റെ ചില സാമാന്യ ധർമ്മങ്ങളെ മാത്രമെ അറിയാനൊക്കൂ. വിശിഷ്ടധർമ്മം ദ്രവ്യത്തിന്റെ പ്രാകൃതാവസ്ഥയിൽ (സംഘടിതാവസ്ഥയിൽ) മാത്രമെ ഉണ്ടാകുകയുള്ളൂ. ദ്രവ്യത്തെ വിഘടനം ചെയ്യുമ്പോൾ, ആ വിശിഷ്ടധർമ്മം തിരോഭവിക്കുന്നു. മറ്റൊരു നിലയിൽ പറഞ്ഞാൽ, വ്യത്യസ്ത ഘടകപദാർത്ഥങ്ങളുടെ രൂപധർമ്മങ്ങൾ സംയോഗത്തിൽ മാറിപ്പോകും. ഇത് എളുപ്പം മനസ്സിലാക്കാം. ഔഷധ ദ്രവ്യങ്ങളുടെ വളർച്ചയെ ഒന്നു ശ്രദ്ധിച്ചുനോക്കിയാൽമതി. ഒരു പ്രത്യേക സ്ഥലത്ത് പടുമുളയായുണ്ടാകുന്ന പലതരം ചെടികളെ നോക്കൂ, എല്ലാററിന്നും ഒരേ തോതിൽ സൂര്യരശ്മിയും കാററും കിട്ടുന്നു. ധാതുലവണങ്ങളും മററു പോഷകാംശങ്ങളും വെള്ളവും ആ മണ്ണിൽനിന്നുതന്നെ

യാണ് അവയെല്ലാം കിട്ടുന്നത്. എന്നാൽ മുളച്ചതെല്ലാം ഒരുപോലെയാണോ? പല വ്യത്യാസങ്ങളും കാണുന്നു........അനേകവിധമായ വ്യത്യാസങ്ങൾ, ഒന്നിന് ഇലകളാണ് അധികം തഴച്ചുവളരുന്നത്. മററൊന്ന് സ്വശക്തി അധികവും ചിലവഴിക്കുന്നത് നിറച്ച് പൂക്കൾ വിടർത്തുവാനാണ്; മൂന്നാമത്തൊന്നിന് ധാരാളം ഫലങ്ങളാണ് ഉള്ളതെങ്കിൽ നാലാമത്തേതിന് പ്രധാനമായുള്ളത് തൊലിക്കട്ടിയാണ്. ''നല്ല തണ്ടും തടിയും'' ഉള്ളതാണ് ഇനിയൊന്ന്. ഇലയിലും തണ്ടിലും വാലുണ്ട് ചിലതിന്; തൊട്ടാൽ പൊള്ളുന്ന തരം നീരാണ് മററു ചിലവയ്ക്കു്; ഒന്നു പടരുന്നു, മററൊന്ന് കുമ്പെട്ടുത്തു വളരുന്നു; ചിലതിന് ധാരാളം ചെറിയ ചെറിയ പൂക്കൾ; ചിലതിന് അവിടവിടെ വലിയതരം പൂക്കൾ; കട്ടിക്കഴമ്പുള്ളവ; കനത്ത പുറംതോടുള്ളവ; തോട് തീരെ ഇല്ലാത്തവ— ഇത്രയും വൈവിദ്ധ്യം കണ്ടുകൊണ്ടിരിക്കുമ്പോൾ ഘടകങ്ങളെ മാത്രം ആസ്പദിച്ച് എങ്ങിനെയാണ് ദ്രവ്യത്തിൻെറ വിശിഷ്ടകർമ്മം നിർണ്ണയിക്കുക?

ഒരു സംഗതി ഏതായാലും എടുത്തു പറയാൻ തോന്നുന്നു. പ്രത്യക്ഷ പ്രമാണങ്ങളില്ലാത്ത ഒന്നും സത്യമാവില്ല എന്നു തീർത്തുപറയുന്നത് അത്ര ശരിയാവില്ല. ചിലപ്പോൾ ചില സത്യങ്ങളെ ഒരതിർത്തിയപ്പുറം അനുമാനിക്കാനേ കഴിയൂ. ആനുമാനികമാണെന്നതുകൊണ്ടു മാത്രം ഒന്ന് അവിശ്വാസമാവില്ല. സംയുക്താവസ്ഥയിൽ ദ്രവ്യത്തിനുള്ള വിശിഷ്ടധർമ്മം അത്യന്ത സൂക്ഷ്മമാണ്. അതുകൊണ്ട് അത് ഏറെക്കുറെ ആനുമാനികമാവാനേ തരമുള്ളു. അത് അപഗ്രഥനംകൊണ്ട് പ്രത്യക്ഷമാക്കാനുള്ള ശ്രമം പ്രകൃതി നിയമങ്ങൾക്കുതന്നെ വിരോധമാണ്. ശരീരത്തിൻെറ കാര്യത്തിലും ഇതുതന്നെയാണ് നില. അനവധി ഘടകാംശങ്ങളുടെ സവിശേഷവും അത്ഭുതകരവുമായ ഒരു സംയോഗത്തിൻെറ ഫലമാണ് ഈ ശരീരം. വിവിധ ഘടകങ്ങളുടെ സവിശേഷമായ ഒരു സംയുക്തഭാവത്തിൽ മാത്രമെ അത് സചേതനമാകുന്നുള്ളു. ശരീരത്തിൻെറ എല്ലാ ഭാഗത്തിനും തമ്മിൽ ഘടനാപരമായി അത്യന്ത സാമ്യം കാണുമെങ്കിലും, അല്പാല്പം വൈചിത്ര്യവും ഉണ്ടായിരിക്കും. രൂപധർമ്മങ്ങളിൽ അവകളുള്ള ചെറിയ വ്യത്യാസങ്ങൾക്കൊക്കെ കാരണമിതാണ്. അതാതു ഭാഗങ്ങളുടെ ഘടനക്ക് സമാനമായ ഘടനയോടുകൂടിയ ദ്രവ്യങ്ങൾ ശരീരത്തിന് ഉപലബ്ധിച്ചാൽ അവ അതാതു ഭാഗങ്ങളിൽ വിശേഷേണ പ്രവർത്തിക്കുമെന്ന് അനുമാനിക്കാം. ഇങ്ങിനെ ഒരു ദ്രവ്യം, മററു ശരീരഭാഗങ്ങളിലെല്ലാം സാമാന്യമായും ഒരു പ്രത്യേക ഭാഗത്തു കൂടുതലായും പ്രവർത്തിക്കുന്നതിനെയാണ് നാം വിശിഷ്ടധർമ്മമായി അറിയുന്നത് എന്ന് സൂക്ഷ്മമായി ചിന്തിക്കുമ്പോൾ അറിയാം. വിവിധ ശരീരഭാഗങ്ങൾക്കും ബാഹ്യലോകത്തിലുള്ള വിവിധ ദ്രവ്യങ്ങൾക്കും രൂപധർമ്മങ്ങളിലുള്ള ഈ സമാനത്വം കണ്ടുപിടിക്കുന്നതിലാണ് വിശിഷ്ടകർമ്മം അഥവാ പ്രഭാവം അറിയാനുള്ള ഉപായം കിടക്കുന്നത്.

ഇതൊരു പുതിയ കണ്ടുപിടുത്തമൊന്നുമല്ല. ''വൃദ്ധിഃ സമാനൈഃ സർവ്വേഷാം വിപരീതൈർ വിപര്യയഃ'' എന്ന സൂത്രവാക്യത്തിൽ ഈ തത്ത്വം ഒളിച്ചിരിപ്പുണ്ട്. ശരീരത്തിലെ ഏതു ഭാഗത്തിൻെറയും ഘടന സമാനഘടനയുള്ള ദ്രവ്യങ്ങളെക്കൊണ്ടു വർദ്ധിക്കും; വിപരീതങ്ങളെക്കൊണ്ടു ക്ഷയിക്കും. ''സർവ്വദാ സർവ്വഭാവാനാം സാമാന്യം വൃദ്ധികാരണം'' എന്നും ''സാമാന്യമേകത്വ ഹരംവിശേഷസ്തു പൃഥക്ത്വകൃത്'' എന്നും പറഞ്ഞതിനൊക്കെ അർത്ഥം ഇതുതന്നെ. ശരീരഭാഗങ്ങൾക്കും ഇങ്ങിനെ സമാനത്വമുണ്ട്. ഈ സമാനത്വമാണ് ദ്രവ്യത്തിൻെറ വിശിഷ്ടധർമ്മം അഥവാ പ്രഭാവം നിർണ്ണയിക്കുന്നത്. ഈ നിഗമനം ശാസ്ത്രസമ്മതമാണോ? നോക്കാം.

''ബൃദ്ധിസ്സമാനൈഃ സർവ്വേഷാം'' എന്ന നിയമത്തിന് ''മാംസം മാംസേന വർദ്ധതെ'' തുടങ്ങിയ ഉദാഹരണങ്ങളാണ് കൊടുത്തിരിക്കുന്നത്. മാംസം പോലെ മാംസധാതു വർദ്ധിക്കാൻ പററി

യതായി മറെറാന്നുമില്ല. മാംസം തിന്നു ജീവിക്കുന്ന ജീവികളുടെ മാംസമാണെങ്കിൽ പ്രത്യേകിച്ചും.

''നഹി മാംസ സമം കിഞ്ചി–
ദന്യദ്ദേഹ ബൃഹത്വകൃത്
മാംസാദ മാംസം മാംസേന
സംഭൃതത്വാദ് വിശേഷതഃ''

മാംസത്തിനു മററു ധർമ്മങ്ങളുണ്ട്. മാംസവർഗ്ഗത്തിൽതന്നെ ആട്ടിൻമാംസം കൂടുതൽ ബൃംഹണമാണ്. കാരണം ശരീരധാതുക്കളുമായി അതിന് കൂടുതൽ സാമ്യമുണ്ട്.

''നാതിശീതം ഗുരുസ്നിഗ്ദ്ധം
മാംസമാജമ ദോഷളം
ശരീര ധാതു സാമാന്യാ–
ദന ഭിഷ്യന്ദി ബൃംഹണം''

മാംസത്തിന്റെ സാമാന്യ ഗുണങ്ങളാണ് ഗുരുത്വവും സ്നിഗ്ദ്ധതയും. ഈ ഗുണങ്ങൾ ശരീരത്തിൽ സാർവ്വത്രികമായി പ്രവർ

## പൂവ്വാംകുറുന്തലയുടെ പ്രഭാവം

(സഹദേവീ–Vernonia cinerea Less.)

സ്വാമി ഹരിശരണാനന്ദന്റെ ''ത്രിദോഷ മീമാംസ'' എന്ന പ്രസിദ്ധ പുസ്തകത്തിൽ പ്രഭാവത്തെ വിശദീകരിക്കുവാൻ ഉദാഹരിക്കുന്നത് 'സഹദേവി'യുടെ പ്രശസ്തിയെയാണ്.

''ജ്വരം ഹന്തി ശിരോ ബദ്ധാ സഹദേവീ ജടാ യഥാ''

എന്ന വാക്യം ഉദ്ധരിക്കുന്നു. ശീതജ്വരാപഹരണത്തിന്ന് പൂവ്വാംകുറുന്തല തലയിൽ കെട്ടിയാൽ മതി. അകത്തേക്കു കഴിക്കേണ്ടതുകൂടി ഇല്ല. ഇതുപോലെ പല ഔഷധങ്ങളും ഉണ്ട്. അവ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് കൃത്യമായി വിവരിക്കാനറിഞ്ഞുകൂടാ, എന്നാൽ ഫലം പ്രത്യക്ഷമാണുതാനും. ഈ യുക്തിവിചാരം തുടർന്നുകൊണ്ട്, പണ്ടുകാലത്ത് ഇല്ലാതിരുന്ന പല പരീക്ഷണവഴികളും ഇന്നുള്ളതുകൊണ്ട്, ഇത്തരത്തിലുള്ള പല ഔഷധങ്ങളുടേയും വിശിഷ്ട കർമ്മസിദ്ധിയുടെ രഹസ്യം ക്രമേണ വെളിപ്പെടുത്താവുന്നതേയുള്ളൂവെന്നും ചൂണ്ടിക്കാട്ടുന്നു.

ഇന്ന് അനേകം രോഗങ്ങൾക്ക് വൈദ്യുതികൊണ്ട് ചികിത്സയുണ്ടല്ലോ. ജൈവീ വൈദ്യുതി ചരവും അചരവുമായി ജീവനുള്ളവയിലെല്ലാമുണ്ട്. ചെടികളിൽ ഇതിന്റെ ആസ്തിക്യം സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ളതാണ്. ഈ അടിസ്ഥാനത്തിൽ ഗവേഷണം നടത്തിയാൽ ഇത്തരം പല ഔഷധങ്ങളുടേയും അചിന്ത്യപ്രഭാവത്തിന്റെ കാരണം പ്രത്യക്ഷംതന്നെയാകുമെന്നും സമർത്ഥിക്കുന്നു.

ഇൻഡോനേഷ്യയിലെ 'സുരബായ'യിൽ അയർലംഗ യൂണിവേഴ്സിററിയിൽ വെച്ച് 1984 സപ്തമ്പർ 2–ന് നടന്ന ''IASTAM'' സമ്മേളനത്തിൽ, പ്രസ്തുത യൂണിവേഴ്സിററിയിലെ മൂന്നു പ്രൊഫസർമാർ (Imam Herry Sunoto and Noor Chollies, Faculty of Pharmacy and Subagio Rochnmathi, Faculty of Medicine) ചേർന്ന് അവതരിപ്പിച്ച പേപ്പർ '' 'വെർണോണിയ ഗ്ലൂക്കോസൈഡ്''ന് കാൻസർ ബാധിത ചുണ്ടെലികളുടെ യകൃത്തിലും വൃക്കകളിലും ഉള്ള സ്വാധീന''മെന്നതായിരുന്നു വിഷയം. അതിൽ പൂവ്വാംകുറുന്തല (Vernonia cinerea Less.) ഇന്തോനേഷ്യയിൽ കാൻസറിനു ചികിത്സക്കുള്ള ഒരു പരമ്പരാഗത ഔഷധമാണെന്നു പറയുന്നു. ഇതിൽനിന്നു Vernonia glucoside വേർതിരിച്ചെടുത്ത്, ശുദ്ധത സ്ഥിരീകരിച്ച് കുത്തിവെപ്പു വഴി എലികളിലെ കാൻസർ വളർച്ച തടയാൻ കഴിഞ്ഞു. എലികളുടെ കാര്യത്തിൽ Benzo (∝) Pyrene അധഃത്വക് സൂചീവേധനം വഴി കടത്തിവിട്ട് കാൻസർ ടിഷ്യുകരം സൃഷ്ടിച്ച് പ്രസ്തുത ഗ്ലൂക്കോസൈഡ് കൊണ്ട് ചികിത്സിച്ച് ഭേദമാക്കി പരിശോധിച്ചപ്പോൾ അവയുടെ യകൃത്തും, വൃക്കകളും സാധാരണ എലികളുടേതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത അവസ്ഥയിലെത്തിയതായി കണ്ടു. പിന്നീട് അന്യ പരീക്ഷണങ്ങൾകൊണ്ടും ഈ തീരുമാനം സ്ഥിരീകരിക്കപ്പെട്ടു.

തിക്കുകയും ചെയ്യും. എന്നാൽ മാംസധാതു ഇവിടെ വർദ്ധിപ്പിക്കുകയെന്ന ഒരു വിശിഷ്ടകർമ്മം (പ്രഭാവം) അതിനുണ്ട്. കാരണമോ? സമാനത്വംതന്നെ. ''വ്രണവിജ്ഞാന പ്രതിഷേധ''ത്തിൽ ശുഷ്കവും മാംസശോഷം വന്നതുമായ വ്രണത്തിൽ മാംസാദ മാംസം വിധിച്ചിട്ടുണ്ടല്ലോ.

> ''ശുഷ്കാല്പമാംസെ ഗംഭീരെ വ്രണേ
> ..........................................
> അദ്യാന്മാംസാദമാംസാനി
> വിധിനോപഹിതാനി ച
> മാംസം മാംസാദമാംസേന
> വർദ്ധതെ ശുദ്ധ ചേതസഃ

ഇതുപോലെ രക്തം, കണക്കിലേറെ നഷ്ടപ്പെട്ട് വ്യാപത്തു നേരിടുമ്പോൾ, പെട്ടന്നു വർദ്ധിപ്പിക്കുവാൻ ജീവരക്തം വളരെ ഉപകരിക്കുന്നു. വിരേചനാദിയോഗംകൊണ്ട് രക്തം വന്ന് ജീവരക്തത്തിനു നഷ്ടം വന്നാൽ, മാൻ, പശു, എരുമ, ആട് എന്നിവയുടെ രക്തം കുടിക്കുവാൻ വിധിക്കുന്നുണ്ടല്ലോ.

> ''മൃഗഗോ മഹിഷാജാനാം
> സദ്യസ്കം ജീവതാമസൃക്
> പിബേജ്ജീവാഭിസന്ധാനം
> ജീവം തദ്ധ്യാശുഗച്ഛതി.''

''ബ്ലഡ് ട്രാൻസ്ഫ്യൂഷൻ'' ഇന്നത്തെ മട്ടിൽ അന്നു നടപ്പുണ്ടായിരുന്നുവോയെന്ന് അറിയില്ലെങ്കിലും ജീവരക്തം പാനം ചെയ്യിക്കുകയെങ്കിലും വേണ്ട ചില സന്ദർഭങ്ങൾ അന്നും അജ്ഞാതമായിരുന്നില്ലായെന്ന് ഇതുകൊണ്ട് മനസ്സിലാക്കാം. സമാനത്വംതന്നെയാണ് ഇവിടെയും നിർണ്ണായകം.

ജംഗമം (Animal Kingdom), പാർത്ഥിവം (Mineral Kingdom) ഔത്ഭിദം (Vegetable Kingdom) എന്നിങ്ങനെ മൂന്നു പ്രകാരത്തിലാണല്ലോ ദ്രവ്യങ്ങൾ ഇവയിൽ ജംഗമങ്ങളായ മാംസരക്താദികളിൽ നിന്ന് ശരീരധാതു സാമ്യം ഉള്ളവയെ കണ്ടെടുക്കാൻ കൂടുതൽ എളുപ്പമുണ്ട്. ഔത്ഭിദങ്ങളിൽനിന്നും പാർത്ഥിവങ്ങളിൽ നിന്നും സമാനങ്ങളെ കണ്ടെത്താനുമുണ്ട് ചില മാർഗ്ഗങ്ങൾ. പാർത്ഥിവങ്ങളിൽ നിന്ന് സമാനങ്ങളെ കണ്ടെത്തുന്നത് കുറെയേറെ ശ്രമാവഹമാണ് എന്നു മാത്രം. ഏതായാലും, ആ പ്രകരണത്തിലേക്ക് ഇപ്പോൾ കടക്കുന്നില്ല, അത് മറ്റൊരിക്കൽ ആവാം. ശരീരത്തിനാകെയും വിവിധ ശരീരഭാവങ്ങൾക്കും ബാഹ്യലോകത്തിലെ വിവിധ ദ്രവ്യങ്ങളുമായുള്ള നാനാമുഖമായ സമാനത്വം കണ്ടെടുക്കുകയാവണം ഒരു ദ്രവ്യത്തിന്റെ വിശിഷ്ടകർമ്മം (പ്രഭാവം) അറിയാനുള്ള ആനുമാനികമായ മാർഗ്ഗം എന്നും ''വൃദ്ധിസ്സമാനൈഃ സർവ്വേഷാം'' എന്ന സൂത്രവാക്യശകലം ഈ നിഗമനത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണെന്നും സൂചിപ്പിക്കുവാനേ ഈ ലേഖനംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളൂ.

*Aryavaidyan, Vol. 1, No. 2, November 1987 (148-150)*

# അചലവാതം - ഒരു ചികിത്സാനുഭവം

## ജെ. വി. തച്ചിൽ

1974 ഒക്ടോബർ 13—ന് 22 വയസ്സ് പ്രായമുള്ള കോളേജ് വിദ്യാർത്ഥിനിയായ ഒരു യുവതിയും അവരുടെ വൃദ്ധയായ മാതാവും എന്റെ അടുത്തു വരികയുണ്ടായി. ആ അമ്മ വളരെ സങ്കടത്തോടുകൂടി മകളുടെ രോഗവിവരങ്ങൾ എന്നെ ധരിപ്പിച്ചു.

### രോഗവിവരം

ഏതാണ്ട് ഒരു മാസത്തിലധികമായി യുവതിയ്ക്ക് ഇടയ്ക്കിടക്ക് ശക്തിയായ തലവേദനയും, പിടലികഴപ്പും ഉണ്ടാകുകയും അതിനെത്തുടർന്ന് മോഹാലസ്യപ്പെട്ട് വീഴുകയും ചെയ്യുന്നു. എപ്പോഴും അസ്വസ്ഥത, അകാരണമായ ഭയം തോന്നുക, വല്ലാത്ത സങ്കടം, അതിയായ ക്ഷീണം തുടങ്ങിയ വിഷമതകളും ഉണ്ട്. ക്ലാസ്സിൽ മിടുക്കിയായിരുന്ന കുട്ടിക്ക് പഠനകാര്യങ്ങളിൽ താല്പര്യം കുറഞ്ഞു. ഒരു കാര്യത്തിലും ഏകാഗ്രതയില്ല. ഇങ്ങനെ ആകെ നിരാശയായ അവൾ മരണത്തെകുറിച്ച് ചിന്തിച്ചുതുടങ്ങിയിരിയ്ക്കുന്നു. ഇത്രയും കാര്യങ്ങൾ പറഞ്ഞിട്ട് അമ്മയും മകളും പൊട്ടിക്കരയുകയായിരുന്നു.

ഭൈഷജ്യരത്നാവലിയിലെ 'അചലവാതാധികാര'ത്തിലെ വരികളാണ് എന്റെ മനസ്സിൽ ഓടിയെത്തിയത്. അതിൽ വിവരിച്ചിട്ടുള്ള ലക്ഷണങ്ങളെല്ലാംതന്നെ മേല്പറഞ്ഞ വിശദീകരണങ്ങളുമായി യോജിക്കുന്നുണ്ടെന്ന് ബോദ്ധ്യം വന്നു.

അചലവാതാധികാരത്തിൽ വിധിച്ചിട്ടുള്ള ചികിത്സാക്രമം അടിസ്ഥാനമാക്കി മരുന്നുകൾ നിശ്ചയിച്ചതിനുശേഷം തല്ക്കാലം ഒരാഴ്ചക്കാലം എന്റെ നേരിട്ടുള്ള മേൽനോട്ടം ലഭിക്കുന്നതിനുള്ള സൌകര്യത്തിൽ രോഗിയെ താമസിപ്പിച്ച് ചികിത്സ തുടങ്ങി ഒരാഴ്ച കഴിഞ്ഞു. മോഹാലസ്യമോ, വീഴ്ചയോ ആവർത്തിച്ചില്ല. മറ്റു വിഷമതകൾക്കും കാര്യമായ കുറവുണ്ടായി. രോഗിയെ സ്വന്തം വീട്ടിലേക്ക് പറഞ്ഞയയ്ക്കത്തക്ക ആശ്വാസം കണ്ടതായി തോന്നി. രണ്ടാഴ്ചകൂടി മേൽ നിശ്ചയിച്ച മരുന്നുകൾതന്നെ തുടരുവാൻ നിർദ്ദേശിച്ചു പറഞ്ഞയച്ചു. രണ്ടാഴ്ച കഴിഞ്ഞ് വീണ്ടും വന്നപ്പോൾ യുവതി പ്രസന്നവദനയായിരുന്നു. മുഖത്തെ വിഹ്വലഭാവം നിശ്ശേഷം മാറിയിരുന്നു. മറ്റുപദ്രവങ്ങൾ ഒന്നും പിന്നീടാവർത്തിച്ചില്ല എന്നു പറയുകയുണ്ടായി. മാനസികനിലവാരം മിക്കവാറും പുനഃസ്ഥാപിച്ച ലക്ഷണങ്ങളും കാണാമായിരുന്നു. മുൻ ചികിത്സകൾ കുറേനാൾ കൂടി തുടരുന്നതിനും വിശേഷാൽ 'വിദാര്യാദി നെയ്യും' കൂടി സേവിയ്ക്കണമെന്നും ഉപദേശിച്ച് പറഞ്ഞയച്ചു. ക്ലാസ്സിൽ മുടങ്ങാതെ പോകണമെന്നും ഉത്സാഹിച്ച് പഠിക്കണമെന്നും കൂടി പ്രത്യേകം നിർദ്ദേശിയ്ക്കുകയുണ്ടായി.

അതിനുശേഷം ടി യുവതി വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കി ഒരു ഉയർന്ന ഉദ്യോഗസ്ഥയായി. ഇന്ന്

അവൾ വിവാഹിതയും മൂന്ന് കുട്ടികളുടെ അമ്മയുമാണ്. കുട്ടികൾ മൂവരും ആരോഗ്യവാന്മാരാണ്. നാളിതുവരെ മുൻവിവരിച്ച വിഷമതകളൊന്നും തന്നെ ആവർത്തിച്ചിട്ടില്ലെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

## ചികിത്സ

''രോഗിണസ്സു യഥാചിത്തം
പ്രസന്നമവതിഷ്ഠതേ!
സർവ്വഥാ തദ്വിധാതവ്യം
തദ്ധിമുഖ്യം ചികിത്സിതം''॥

എന്നാണ് ആചാര്യൻ പ്രാരംഭമായി ഉപദേശിച്ചിരിക്കുന്നത്.

ഇത്തരുണത്തിൽ അമ്മയേയും മകളേയും വിശദമായി ചോദ്യം ചെയ്തതിൽ നിന്ന് ചില സുപ്രധാന വസ്തുതകൾ മനസ്സിലാക്കുവാൻ സാധിച്ചു. ആ വസ്തുതകൾ രോഗചികിത്സക്ക് മാർഗ്ഗദർശകമായിരുന്നു. യുവതി സദാ സമയവും നിരാശാഭരിതയാകുന്നതിനും, ചിന്താകുലയാകുന്നതിനും ഉപോൽബലകങ്ങളായ ചില കാരണങ്ങൾ അവരുടെ വാക്കുകളിൽ നിന്നുതന്നെ പ്രകടമായി.

ചെറുപ്പത്തിലെ തന്നെ കുട്ടിയുടെ ഭാവിജീവിതത്തെ സംബന്ധിച്ച് ചില അഭിപ്രായങ്ങൾ പ്രായമായവർ തമാശരൂപത്തിൽ പറയുകയുണ്ടായി. എന്നാൽ കുട്ടി അതെല്ലാം കാര്യമായി തന്നെ കണക്കിലെടുക്കുകയും ആ അഭിപ്രായങ്ങൾ മനസ്സിൽ ആഴത്തിൽ പതിയുകയും ചെയ്തു. മനസ്സിൽ പതിഞ്ഞ ആ അഭിപ്രായങ്ങൾ തന്റെ ഭാവിജീവിതത്തിൽ യാഥാർത്ഥ്യങ്ങളായി തീരുമെന്ന ഒരു തെററായ ധാരണ അവളുടെ ഉള്ളിൽ വേരൂന്നിയിരുന്നു. പ്രായപൂർത്തിയാകുന്തോറും അവൾ മുൻ തീരുമാനങ്ങളെപ്പററി പലപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു. ഈ വക ചിന്തകൾ മൂലം അവൾ സ്വയം ഒററപ്പെടുകയായിരുന്നു. അവളുടെ ധൈര്യക്കുറവും, ദുർബലമായ മനസ്സും അത്യന്തരമായി ഒരു സംഘർഷാവസ്ഥ സൃഷ്ടിക്കുകയാൽ ക്രമേണ അവൾക്ക് ഊണും, ഉറക്കവും ഇല്ലാതായി. അന്നപാനാദികളുടെ കുറവ് ക്ഷീണം വർദ്ധിപ്പിക്കുന്നതിന്ന് കാരണമായി. ക്രമേണ മാറാത്ത തലവേദനയും ഭയാശങ്കകളും കൂടപ്പിറപ്പുകളായി. മററുള്ളവരുടെ ശ്രദ്ധയിൽ പെട്ടപ്പോഴേയ്ക്കും രോഗം വളരെ പുരോഗമിച്ചിരുന്നു. തന്റെ ഉള്ളിൽ വിങ്ങിനിന്നിരുന്ന സംഗതികൾ ആരോടെങ്കിലും തുറന്നുപറയാൻ മാത്രം ധൈര്യം അവൾക്കുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ഈ വിപത്ത് കൂടാതെ കഴിക്കാമായിരുന്നു.

ഇത്രയും കാര്യങ്ങൾ അറിഞ്ഞതിൽ നിന്ന് അവൾക്ക് ധൈര്യവും സന്തോഷവും ഉണ്ടാക്കേണ്ടതാണ് പ്രഥമവും പ്രധാനവുമായ ചികിത്സ എന്ന് എനിക്കു തോന്നി. അതനുസരിച്ചു അമ്മയുടെ സാന്നിദ്ധ്യത്തിൽ തന്നെ ഈ കാര്യങ്ങളെപ്പററി വിശദമായി ചർച്ചചെയ്യുകയും, ഭാവിജീവിതം കരുപിടിപ്പിക്കുന്നതിന്നുള്ള തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അവകാശം അവൾക്ക് മാത്രമുള്ളതാണെന്നും തന്റേടത്തോടുകൂടി തന്റെ മുൻതീരുമാനത്തെ ഭേദഗതി വരുത്തുന്നതിൽ യാതൊരപാകതയുമില്ലെന്നും ഉള്ള ഉപദേശം ഒരു പരിധിവരെ വിജയിക്കുകയുണ്ടായി. വിദ്യാസമ്പന്നയും കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള വിവേചനശക്തിയും ഉണ്ടായിരുന്നതുകൊണ്ടും, സ്വന്തം അമ്മയുടെ അഭിപ്രായവും ഉറപ്പും ഉണ്ടായതുകൊണ്ടും പ്രശ്നപരിഹാരം ലഘുവായി തീർന്നു. അങ്ങനെ കാതലായ പ്രശ്നം മനസ്സിലാക്കുകയും അതിനുള്ള പരിഹാരം നിർദ്ദേശിക്കുകയും ചെയ്തതോടുകൂടി ചികിത്സയുടെ ആദ്യപടി നിർവ്വഹിച്ചു കഴിഞ്ഞു.

അടുത്തപടി ശാരീരികാസുഖം മാറുന്നതിനുതകുന്ന ചികിത്സയായിരുന്നു വേണ്ടിയിരുന്നത്.

''വാതാമയഹരം യത്സ്യാദ്യദാ
മൂർച്ഛാ ഹരം ഭവേത്।

തത്തദപി വിചാര്യപ്രയോക്തവ്യം
യഥാ ദോഷാനുപാനകം''॥

എന്ന പ്രമാണമനുസരിച്ചും—

''ഉന്മാദേ ചാപ്യപസ്മാരേ മൂർച്ഛായാം
വാത ജേഗദേ।
യത് പഥ്യം യദപഥ്യം വാത
ത്തദത്രാപി സമ്മതം''॥

എന്നീ നിർദ്ദേശങ്ങളും കണക്കിലെടുത്ത് മരുന്നുകൾ നിശ്ചയിച്ചു. വാതകോപം, ഉന്മാദം, അപസ്മാരം, മൂർച്ഛ എന്നീ രോഗങ്ങളുടെ ചില ലക്ഷണങ്ങളുള്ളതുകൊണ്ട് അവയെ അടിസ്ഥാനമാക്കി ചികിത്സകൾ ചെയ്യണമെന്നുള്ള ആചാര്യമതം കണക്കിലെടുത്ത് ലളിതമായ ചികിത്സാക്രമങ്ങൾ പരീക്ഷിക്കുവാൻ തീരുമാനിച്ചു.

## നിശ്ചയിച്ച മരുന്നുകൾ

(1) ഹിംഗുശിരാദി ചൂർണ്ണം ഓരോ സ്പൂൺ പാലിൽ കലക്കി കാലത്തും വൈകുന്നേരവും സേവിക്കുക.

(2) ദശമൂലാരിഷ്ടം, സാരസ്വതാരിഷ്ടം ഓരോ ഔൺസ് രണ്ട് നേരം സേവിക്കുക.

(3) മാനസമിത്രം വടകം പാലിൽ അരച്ച് രാത്രി സേവിക്കുക.

(4) ക്ഷീരബല എണ്ണ തലയിലും, ധാന്വന്തരം കുഴമ്പ് ദേഹത്തിലും പുരട്ടി കുളിക്കുക.

ഹിംഗുശിരാദി ചൂർണ്ണത്തിന്ന് അത്ഭുതസിദ്ധികളുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

സ്രോതോരോധം രോഗിക്ക് കാര്യമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് സ്രോതസ്സുകളുടെ ശുദ്ധി ഒരു മുഖ്യ ഉപാധിയുമായിരുന്നു. അക്കാര്യത്തിൽ ഹിംഗുശിരാദിചൂർണ്ണം ഫലപ്രദമായിരുന്നു—(കായം പൊരിച്ചത്, രാമച്ചം, പച്ചകർപ്പൂരം, ദേവതാരം, മഞ്ഞൾ, മരമഞ്ഞൾതൊലി, ഇരട്ടിമധുരം, ജഡാമാഞ്ചി, ത്രിഫലത്തൊണ്ട്, ഇരിപ്പപ്പൂവ് (പകരം കറുത്ത മുന്തിരിയുമാകാം) സമം ഉണക്കി ശീലപൊടിയാക്കുക.)

ആചാര്യ മതമനുസരിച്ച് — ചിന്ത, ധാതുക്ഷീണത, ഭയം, മാനസിക ദുർബ്ബലത, ബീജദോഷം എന്നീ കാരണങ്ങൾ കൊണ്ടാണ് അചലവാതം ഉണ്ടാകുന്നത്. സ്രോതോരോധവും, വാതകോപവും മുഖ്യഘടകങ്ങളാണ്. മാനസിക ദുർബ്ബലതയും, തന്മൂലം സംഭവിച്ച ചിന്താഭാരവും തൽഫലമായി ക്രമേണ അന്നപാനാദികളിലുണ്ടായ അശ്രദ്ധയും കാരണം സംഭവിച്ച ധാതുക്ഷീണവും, സ്രോതോരോധത്തിന്നും, വാതകോപത്തിന്നും വഴിതെളിയിച്ചു. മുഖ്യകാരണമായ മാനസികസംഘർഷത്തിന്ന് പ്രതിവിധി കണ്ടതോടെ രോഗത്തിന്റെ ആക്രമണശക്തി കുറഞ്ഞു. പിന്നീട് ശാരീരികാരോഗ്യം വീണ്ടെടുക്കുവാനുള്ള ശ്രമം എളുപ്പമായി.

ഈ കാര്യത്തിൽ, യുവതിക്ക് രോഗത്തിന്റെ യഥാർത്ഥ സ്ഥിതിയെപ്പററി മനസ്സിലാക്കുന്നതിന്നും, അവളുടെ കൂടി സഹകരണത്തോടെ മാത്രമേ രോഗവിമുക്തിയുണ്ടാകുകയുള്ളൂ എന്ന് ബോദ്ധ്യപ്പെടുത്തുന്നതിന്ന് നടത്തിയ ശ്രമവും തുടർന്ന് അവൾ കാണിച്ച സഹകരണവും എന്നിൽ അർപ്പിച്ച വിശ്വാസവുമാണ് പൂർണ്ണഫലപ്രാപ്തിയ്ക്കു സഹായിച്ചതെന്ന് എടുത്തുപറയേണ്ട സംഗതിയാണ്.

''ധീ ധൈര്യാത്മാദി വിജ്ഞാനം
മനോ ദോഷൌഷധം പരം''

എന്ന തത്വമനുസരിച്ചുള്ള ചികിത്സാക്രമമാണ് ഇക്കാര്യത്തിൽ ഏററവും ഫലപ്രദമായിട്ടുള്ളത്. ●

## COMBATING ANGINA, HEAD COLD AND FLU
### (From Soviet Union)

DOCTOR'S ADVICE

The feature about Doctor K. Allayarov from Moscow who collected folk medicine recipes against catarrhal diseases (No. 441,1985) aroused the interest of many readers, in particular, E. Barbalat of Bucharest. Here we publish a few medicinal treatments from K. Allayarov's collection. Naturally, the choice of remedies will depend on the climate and flora of each region.

**Common Onion:** Exhibits a disinfecting effect and is used in treating flu, acute head cold and angina. The volatile substance from a fresh onion slice is inhaled for 2 to 3 minutes several times a day. Or, the onion is grated, the juice is squeezed out and mixed with equivalent amounts of honey and cream. Four drops of the mixture are put in each nostril 5 to 6 times a day. A garlic mixture can be prepared and administered in exactly the same way.

**Garden carrot :** Fresh juice mixed with an equivalent amount of honey is used against acute head cold by putting 4 to 6 drops in each nostril 4 or 5 times a day.

**Rutabaga :** Grind the seeds in warm water and gargle 4 or 5 times a day to treat acute inflammation and angina.

**Cabbage :** Fresh juice diluted with warm water is used as throat gargle.

**Common beet :** Fresh juice diluted with an equivalent amount of water is used as throat gargle against angina, pharyngitis and laryngitis.

**Red bilberry :** Its leaves contain various vitamins and tannins Used as a gargle warm infusion (a spoonful of leaves per glass of boiling water) 3 to 5 times a day.

**Grapes :** The infusion or tea or dried grape leaves (a spoonful per glass of boiling water) is used to treat angina and acute throat inflammations. Gargle 3 or 4 times a day.

**Strawberry :** Its aqueous infusion kills many kinds of pathogenic microbes. Gargle with infusion (2 spoonfuls per glass of boiling water) to treat angina and acute throat inflammation 3 to 5 times a day. Strawberry leaves and roots also possess curative powers. An aqueous infusion containing 2 spoonfuls of dried leaves per glass of boiling water is used for times a day.

**Apricots :** In central Asian folk medicine apricot pits ground to powder have been in use since ancient times. A spoonful of the powder is mixed with a spoonful of honey for the treatment of inflammatory diseases of the respiratory tract. The mixture is washed down with warm milk.

**Wheat :** Warm wheat-bran water (2 spoonfuls per glass of water are boiled for 5 to 7 minutes) is taken with honey (1 tea-spoonful of honey per half a glass of the herbal water) to treat acute diseases of the respiratory tract.

**Horseradish :** Diluted with an equivalent amount of water, the juice is a recognised folk medicine against angina and throat inflammation. Gargle with one quarter of a glass of warm solution 4-5 times a day.

# TO THE ATTENTION OF CONTRIBUTORS

## SUBMISSION OF PAPERS

Manuscripts should be submitted in three typewritten copies in double space sheets of Crown Quarto size with wide margins.

Submission of manuscript is held to imply that the paper has not been published elsewhere and that, if accepted, it will not be republished in any other journal in the same or similar form without the prior written permission of the Chief Editor.

## ARRANGEMENT

Manuscripts have to be in their final form when submitted. The first page should contain the main title of the paper and a running headline, author's name, department, institution or hospital, location and country. The main title of the paper should contain words necessary for correct indexing and be as brief as clarity permits.

The second page should contain an abstract, not exceeding 200 words with pertinent information on the material and methods used, important results and major conclusions.

The third page should begin with the introduction part of the peper. The subject matter should then be clearly arranged with suitable headings, preferably the following and in this order: Material, and Methods, Results, Discussion, Acknowledgements and References. The paper should end with the date of submission and the exact address for correspondence with the first author.

## SI UNITS

Wherever possible, authors should express weights, measures and degrees of temperature in SI Units using the correct abbreviations.

## TABLES

All tables should be typed on separate sheets, they should be numbered with Roman numerals and each table must be accompanied by a descriptive text, which make the substance of the table comprehensible without reference to the text.

The most suitable location of a table in the printed paper should be indicated in the left margin of the manuscript.

## ILLUSTRATIONS

Line drawings should be submitted as orignal artwork executed in black ink. Words and figures should be big enough to be easily readable after size reduction. Continuous tone illustrations should be submitted as un-mounted glossy prints, suitable for half tone photograpy. The author's name and the title of the paper should appear on the back of each illustration, the top of the figure should be indicated. Figures should be numbered in Arabic numerals and referred to in the text as "Fig 1" etc. The approximate position of figure should be indicated in the margin of the manuscript. Each figure must have a descriptive legend, which should be typed on an attached sheet.

## REFERENCES

The referance list should contain only necessary references. It shall be arranged in the order in which the references appear in the text and numbered accordingly. Abbreviations should be in conformity with the style of Index Medicus. (New series). Examples:

1. Verma, S. D. Mizaund, A and Knioghita, J: H. Diabetic Cataracts and flavanoids, Science, 196: 205, 206, 1977.

2. Brar F. S. K. Drug interactions. In Essentials of Pharmacotherapeutics P. 84-92. New Delhi, S. Chand & Co. 1985.

Italics are marked in the manucript by underlining.

## GENERAL

Authors are requested in the interest of all concerned to restrict the length of the papers Papers should not exceed 8 printed pages, including tables and illustrations. Extra illustrations and tables have to be paid for· 25 reprints would be supplied on nominal charge.

# KOTTAKKAL, the Ayurvedic institution for 21st century

Ayurveda: a precious gem among the glorious traditions of India! But, traditions need contemporary re-interpretation! Message of the ancient to be made alive in the present!

Kottakkal Arya Vaidya Sala, the symbol of Ayurvedic renaissance makes ayurvedic traditions relevant to the contemporary needs.

Spreading the immortal message: Ayurveda is more than effective drugs, herbs & remedies. It's knowledge of the art & science of living—creating that harmony which the modern man yearns for.

**KOTTAKKAL—WHERE THE SCIENCE OF SAGES IS ADAPTED TO MODERN AGES**



Vaidyaratnam P. S. Varier's

**ARYA VAIDYA SALA**

**KOTTAKKAL, KERALA**

**Branches and Agencies**

Kozhikode, Palghat, Tirur, Ernakulam, Trivandrum, Cannanore, Alwaye, Erode, Madras, Coimbatore, New Delhi - 48 and over 250 authorised Agencies spread all over India and abroad.

ARIES AVS 795



*Printed at the Mathrubhumi M.M. Press and published by Aryavaidyan P. K. Warrier, Managing Trustee, Arya Vaidya Sala, Kottakkal for and on behalf of Arya Vaidya Sala, Kottakkal.*
*Chief Editor : Aryavaidyan N. V. K. Varier, M. A.*

# āryavaidyan

*A Quarterly Journal of the Arya Vaidya Sala, Kottakkal*

Vol. 1, No. 2 — November 1987

## CONTENTS

| | | |
|---|---|---|
| Editorial | | 67 |
| From the pages of Vagbhata | N. V. K. Varier | 69 |
| Rasayana Treatment — A Physician narrates his experience | Vaidyamatham Valiya Narayanan Nambudiri | 74 |
| Viral Hepatitis (Kamala) — Treatment with Ayurvedic Drugs | K. Nisteswar & M. L. Naidu | 80 |
| Dhanvantari | K. Kunjunni Raja | 85 |
| Surgical Heritage of Ayurveda | C. N. Parameswaran | 89 |
| My Experience of Rasayana Treatment — A Patient | G. F. Barabino | 98 |
| Gorochanam — A Chemist's observations | A. M. D. Nambudiri | 104 |
| An Ayurvedic Approach to Psoriasis | P. S. Varier | 109 |
| Arditam (Facial Paralysis) | G. L. Misra | 117 |
| A Report - Medicina Alternativa — 25th Anniversary | | 120 |
| Message from Dr. S. Yasuda | | 124 |
| AVS Founder's Day Celebrations | | 126 |

## MALAYALAM

| | | |
|---|---|---|
| ചില സാര സിദ്ധാന്തങ്ങൾ | വൈദ്യരത്നം പി. എസ്. വാര്യർ | 129 |
| രോഗം | കെ. രാഘവൻ തിരുമുൽപ്പാട്, ചാലക്കുടി | 133 |
| പ്രഭാവം അചിന്ത്യമോ? | പി. ആർ. വാര്യർ | 139 |
| അപബാഹുവാതം ഒരു ചികിത്സാനുഭവം | ജെ. വി. തച്ചിൽ | 148 |